മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യം നം. (*91)

## വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതി

1(*91) ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതി നാലുവരി പാതയാക്കി വികസിപ്പിക്കാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഔട്ടർ റിംഗ് റോഡിന് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ഭാവിയിലെ ആവശ്യങ്ങൾക്കുതകുംവിധം മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനാവശ്യമായ സ്ഥലം കൂടി ഈ ഘട്ടത്തിൽത്തന്നെ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടുണ്ടോ; ദേശീയപാത അതോറിറ്റി ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ&ബി) വിഴിഞ്ഞം തുറമുഖം സാധ്യമാകുന്നതോടെയുണ്ടാകുന്ന വികസന കുതിപ്പ് മുന്നിൽ കണ്ടാണ് സംസ്ഥാന സർക്കാർ മുൻകയ്യെടുത്ത് ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് രൂപം നൽകിയത്. സംസ്ഥാനം ആവശ്യപ്പെട്ടതനുസരിച്ച് ദേശീയപാതാ നിലവാരത്തിൽ റോഡ് നിർമ്മാണം സാധ്യമാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം സമ്മതിക്കുകയും ദേശീയപാത അതോറിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഔട്ടർ റിംഗ് റോഡ് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

(സി&ഡി) 28-04-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കേന്ദ്ര ഗതാഗതവും ഹൈവേയും ഷിപ്പിംഗും വകുപ്പുമന്ത്രിയുമായി നടത്തിയ റിവ്യൂ മീറ്റിംഗിൽ ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കിലോമീറ്റർ നീളത്തിലും 70 മീറ്റർ വീതിയിലും ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്ന പദ്ധതിക്ക് 04-02-2019-ലെ

സ.ഉ.(കൈ)നം. 181/2019/പൊ.മ.വ. പ്രകാരം സംസ്ഥാന ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. 45 മീറ്റർ പ്രധാന പാതയും 25 മീറ്റർ സർവ്വീസ് റോഡുകളുമായാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. നിലവിൽ ദേശീയപാത അതോറിറ്റി അംഗീകരിച്ചതുപ്രകാരം നാവായിക്കുളം മുതൽ വിഴിഞ്ഞംവരെ 45 മീറ്റർ പ്രധാന പാതയിൽ സർവ്വീസ് റോഡുകൾ ഉൾപ്പെടുത്തിയാണ് ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നത്. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് ഭാരത്മാല പരിയോജനയിൽ ഉൾപ്പെടുത്തി വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശങ്ങൾ ഇങ്ങനെയാണ്.

1) 45 മീറ്റർ RoW (Right of Way)-യിൽ 4 വരിയായി പ്രധാന പാത, സർവ്വീസ് റോഡുകൾ ഉൾപ്പെടെ, ദേശീയപാത അതോറിറ്റി വികസിപ്പിക്കുന്നതാണ്. ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ 50 ശതമാനം തുകയും പ്രധാന പാതയുടെ നിർമ്മാണത്തിന്റെ 100 ശതമാനം തുകയും ദേശീയപാത അതോറിറ്റി വഹിക്കുന്നതായിരിക്കും.

2) സർവ്വീസ് റോഡുകളുടെ നിർമ്മാണച്ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുക.

3) നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവ സംസ്ഥാന സർക്കാർ ഒഴിവാക്കണം.

ഈ വ്യവസ്ഥകളാണ് കേന്ദ്രം മുന്നോട്ടുവയ്ക്കുന്നത്. ഈ വ്യവസ്ഥകളിൽ സർവ്വീസ് റോഡ് നിർമ്മാണത്തിന്റെ ചെലവ് സംസ്ഥാനം വഹിക്കണമെന്ന വ്യവസ്ഥ പുനഃപരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ചർച്ചകൾ നടന്നുവരുന്നു.

<u>ശ്രീ. കെ. ആൻസലൻ:</u> സർ, കേരളത്തിലെ ഒന്നാം പിണറായി സർക്കാരും രണ്ടാം പിണറായി സർക്കാരും കേരളത്തിന്റെ സമഗ്ര വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ടതായ നിരത്തുകളുടെ വികസനത്തിന് സാദ്ധ്യത വർദ്ധിപ്പിച്ചുകൊണ്ട്, ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് മുട്ടുമടക്കിയ ദേശീയപാതാ അതോറിറ്റിയും ഭൂമി ഏറ്റെടുക്കൽ നടപടിയടക്കം ഒട്ടനവധി വികസന വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ കേരളത്തിലെ പ്രതിപക്ഷവും മറുഭാഗത്ത് നിൽക്കുമ്പോൾ അതിനെയെല്ലാം

തരണംചെയ്തുകൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ദേശീയപാതയുടെയും സംസ്ഥാന റോഡുകളുടെയും വികസന പ്രവർത്തനത്തിൽ മുന്നോക്കം നിൽക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റിന്റെ കാലത്ത് അതിന് നല്ല നിലയിലുള്ള പുരോഗതിയുണ്ടായിക്കൊണ്ടിരിക്കുന്നു. പ്രത്യേകിച്ച്, തിരുവനന്തപുരം ജില്ലയ്ക്ക് ഏറ്റവും പ്രധാനപ്പെട്ട റോഡുകളുടെ പ്രവർത്തനങ്ങൾ അതിവേഗതയിലേയ്ക്ക് പോകുകയാണ്. അതിൽ പ്രത്യേകിച്ച്, വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള പാത ഇരട്ടിപ്പിക്കലിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതായിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം നമ്മുടെ നാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നായി മാറിക്കൊണ്ടിരിക്കുകയാണ്. വിഴിഞ്ഞം തുറമുഖ വികസനംകൂടി മുന്നിൽ കണ്ടുകൊണ്ടുള്ള ഔട്ട് റിംഗ് റോഡ് പദ്ധതി തലസ്ഥാന വികസനത്തിന് എത്രത്തോളം ഗുണകരമാകുമെന്നാണ് വിലയിരുത്തപ്പെടുത്തുന്നത്?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u> സർ, എങ്ങനെയാണ് ഒരു സർക്കാർ ദീർഘവീക്ഷണത്തോടുകൂടി കാര്യങ്ങളിൽ ഇടപെടുന്നുവെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് വിഴിഞ്ഞം തുറമുഖ വികസനത്തെ കണ്ടുകൊണ്ട്

ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് സംസ്ഥാന സർക്കാർ മുൻകയ്യെടുത്തത്. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് കേന്ദ്ര സർക്കാരുമായി ഇതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തു. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്താകെയും തലസ്ഥാനത്ത് പ്രത്യേകിച്ചും ഉണ്ടാകാൻ പോകുന്ന വികസന കുതിപ്പ് മുന്നിൽ കണ്ടാണ് എൽ.ഡി.എഫ്. സർക്കാർ ഔട്ടർ റിംഗ് റോഡ് പദ്ധതി ആവിഷ്കരിച്ചത്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ ദേശീയപാത 66-ന്റെ ഭാഗമായ ബൈപ്പാസ് മാത്രമായി കണക്റ്റിവിറ്റി ഉൾക്കൊള്ളില്ലെന്നത് കണക്കിലെടുത്താണ് ഇത്തരം ഒരു പദ്ധതി ആവിഷ്കരിച്ചത്. അതിനുമാത്രം കാത്തിരുന്നെങ്കിൽ വലിയ പ്രയാസം സൃഷ്ടിക്കുമായിരുന്നു. ഇപ്പോൾ ആ പ്രയാസങ്ങൾ ഒഴിഞ്ഞുവെന്ന് മാത്രമല്ല, ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി ദീർഘവീക്ഷണത്തോടുകൂടിയുള്ള സർക്കാരിന്റെ കാഴ്ചപ്പാട് എത്രത്തോളം ഫലപ്രദമാണെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്യും. വിഴിഞ്ഞം തുറമുഖം ഉണ്ടാക്കാൻ സാധ്യതയുള്ള സാമ്പത്തിക-വാണിജ്യ സാദ്ധ്യതകളെക്കൂടി ഉപയോഗപ്പെടുത്താൻ റിംഗ് റോഡ് പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നു. ഒരു മേഖലയിൽ മാത്രമായി

വികസനം കേന്ദ്രീകരിക്കാതെ തലസ്ഥാനത്തെ മറ്റിടങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ ഈ പദ്ധതി വഴി സാധിക്കും. തലസ്ഥാനത്തെ സർവ്വ മേഖലകളിലും കുതിച്ചുചാട്ടമുണ്ടാക്കാൻ കഴിയുന്ന ഔട്ടർ റിംഗ് റോഡ് പദ്ധതി രൂപീകരണം വളരെ നേരത്തെ നിശ്ചയിച്ച് സർക്കാർ ഇടപെട്ടതിന്റെ ഭാഗമായി ഫലപ്രദമായി മുന്നോട്ടുപോകും. ഇത് പൊതുവെ പരിശോധിച്ചാൽ, സംസ്ഥാന സർക്കാർ ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരുമായി നടത്തിയ ചർച്ച പോസിറ്റീവായി. അതിന്റെ ഭാഗമായി ദേശീയപാത നിലവാരത്തിൽ റിംഗ് റോഡ് നിർമ്മിക്കാൻ തീരുമാനിച്ചു. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതിയിൽ ഇത് ഉൾപ്പെടുത്തുകയും കൃത്യമായ ഇടവേളകളിൽ പദ്ധതിയുടെ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നു. ഇക്കഴിഞ്ഞ ദിവസം ചേർന്ന അവലോകന യോഗത്തിലും ഔട്ടർ റിംഗ് റോഡ് സാദ്ധ്യമാക്കുന്നതിനുള്ള ചർച്ചകൾ വളരെ പോസിറ്റീവായി നടന്നു.

<u>ശ്രീ. കെ. ആൻസലൻ:</u> സർ, ഈ പദ്ധതികളെല്ലാം വിജയിക്കണമെങ്കിൽ കേന്ദ്ര ഫണ്ട് ഏറ്റവും പ്രധാനപ്പെട്ടതാണ്. അതൊരു ഔദാര്യമല്ല, കേരളത്തിന് അവകാശപ്പെട്ടതാണ്. ഈ റിംഗ് റോഡ്

പദ്ധതിക്കാവശ്യമായ ഫണ്ട് അനുവദിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും വിമുഖതയുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, എന്തുകൊണ്ട് കേന്ദ്ര സർക്കാർ കേരളത്തോട് അവഗണന കാണിക്കുന്നുവെന്നത് സംബന്ധിച്ച് ഈ സമ്മേളനത്തിൽ നല്ല നിലയിൽ ചർച്ച ചെയ്യുകയും ആളുകൾക്ക് ബോദ്ധ്യപ്പെടുകയും ചെയ്തതാണ്. കേരളത്തോടുള്ള അവഗണനാ പ്രശ്നം പൊതുവെയുള്ളതാണ്. ഇടതുപക്ഷ ബദൽ വളരെ നല്ലയിൽ നടപ്പാക്കുമ്പോൾ അത് രാജ്യമാകെ ചർച്ച ചെയ്യുന്നു. മതനിരപേക്ഷതയ്ക്ക് എങ്ങനെ ബദൽ ഉയർത്താമെന്ന് ഇടതുപക്ഷം സർക്കാരിന്റെ നിലപാടിലൂടെ തെളിയിക്കുന്നു. ഇതിന്റെ ഭാഗമായി വൈരനിര്യാതന ബുദ്ധിയോടുകൂടി, രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമായാണ് കേന്ദ്ര സർക്കാർ ഫണ്ടുകൾ വെട്ടിക്കുറയ്ക്കുന്നതെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്നത് കേരളത്തിലെ വികസന പദ്ധതികളെ തകർക്കാൻ ലക്ഷ്യമിട്ടുള്ളതുമാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. ഇതൊന്നും ഒരു തരത്തിലും ഇവിടത്തെ വികസനത്തെ ബാധിക്കില്ല. കേരളത്തിലെ ദേശീയപാതാ വികസനം സാദ്ധ്യമാക്കുന്നതിനാവശ്യമായ

സ്ഥലം ഏറ്റെടുക്കുന്നതിലും മറ്റ് പല മേഖലകളിലും സർക്കാർ ഇടപെടുന്നുണ്ട്. ഈ പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ സർക്കാർ എല്ലാ നിലയിലും ഇടപെടും.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> സർ, എൻ.എച്ച്. 66-ന് ഭൂമി ഏറ്റെടുത്ത് നൽകാനാകില്ലെന്ന നിലപാട് 2014-ലെ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചതുകൊണ്ട് പ്രവൃത്തിയുമായി മുന്നോട്ടുപോകാനാകില്ലെന്ന ദേശീയപാതാ അതോറിറ്റിയുടെ തീരുമാനത്തെ, കേന്ദ്ര മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ, നിശ്ചയദാർഢ്യത്തോടുകൂടി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മുൻകയ്യെടുത്ത് ആരംഭിച്ച, നാഷണൽ ഹൈവേ 66-ന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വേറൊരു സംസ്ഥാനത്തിനും ബാധകമാകാത്ത നിലയിൽ, കേരളത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് ദേശീയപാതാ അതോറിറ്റിക്ക് 5580 കോടി രൂപ നൽകേണ്ടിവന്നത് വൈകിക്കപ്പെട്ട അവസ്ഥയിലാണുള്ളത്. ഇപ്പോൾ തിരുവനന്തപുരത്തിന്റെ കാര്യം ഇവിടെ പറയുകയുണ്ടായി. മലബാറിൽ ഉൾപ്പെടെ കേരളത്തിലുടനീളം അതിന്റെ പ്രവർത്തനം വളരെ ജാഗ്രതയോടുകൂടി

നടന്നുകൊണ്ടിരിക്കുകയാണ്. 2025-ഓടുകൂടി നാഷണൽ ഹൈവേ 66-ന്റെ നിർമ്മാണം പൂർത്തിയാക്കാനുള്ള നിരന്തരമായ ഇടപെടലും അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളും കൃത്യമായി കേരള ഗവൺമെന്റ് പ്ലാൻ ചെയ്ത് മുന്നോട്ടുപോകുന്നുണ്ടോ; പൂർണ്ണമായും ആ അർത്ഥത്തിൽ പൂർത്തീകരിക്കാനുള്ള നിലപാട് സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u> സർ, ദേശീയപാതാ വികസനത്തിന്റെ ഭാഗമായ എൻ.എച്ച്.-66, മഹാരാഷ്ട്രയിൽനിന്നും ആരംഭിച്ച് കർണ്ണാടക വഴി കേരളത്തിലൂടെ തമിഴ്നാട് വരെയുള്ള പദ്ധതി ഉപേക്ഷിക്കപ്പെട്ടതായിരുന്നു. ബഹുമാന്യനായ എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെ സൂചിപ്പിച്ചതുപോലെ യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് ഉപേക്ഷിക്കപ്പെട്ട പദ്ധതിയായിരുന്നു. ദേശീയപാതാ വികസനത്തിന്റെ ഭൂമി ഏറ്റെടുക്കൽ ഒരു പ്രധാന പ്രശ്നമായിരുന്നു. ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം നമ്മുടേതാണ്, ദേശീയ ശരാശരിയുടെ മൂന്നിരട്ടിയാണ്. 2013-ൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ദേശീയപാതാ വികസന പദ്ധതിയിൽനിന്നും സംസ്ഥാനത്തെ എൻ.എച്ച്.-66 ഡീ-നോട്ടിഫൈ ചെയ്യുന്ന സാഹചര്യമായിരുന്നു. അതിനുശേഷം ദേശീയപാതാ വികസനം

സാദ്ധ്യമാക്കണമെന്നുള്ള നിലപാട് എടുത്തുകൊണ്ട് 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാരും മുഖ്യമന്ത്രിയും മുൻകയ്യെടുത്ത് കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്തു. 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ എൻ.എച്ച്.-66 യാഥാർത്ഥ്യമാക്കുമെന്ന് എഴുതി വച്ചപ്പോൾ അത് വെറുതെയാണെന്നും അതൊന്നും നടക്കാൻ പോകുന്നില്ലെന്നും പലരും പ്രചരണം നടത്തിയിരുന്നു. എന്നാൽ സാദ്ധ്യമാകുന്നത് പറയുകയും പറയുന്നത് നടപ്പാക്കുകയും ചെയ്യുന്നൊരു സർക്കാരാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ എന്ന് തെളിയിക്കുന്ന നിലയാണ് ഇപ്പോഴുള്ളത്.. മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് യോഗം വിളിച്ചു. 2016-ൽ പുതിയ സർക്കാർ വന്നതിനുശേഷം ജൂൺ 15-ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ദേശീയപാതാ വികസനത്തിന്റെ യോഗം ചേർന്നു. പിന്നീട് പ്രധാനമന്ത്രി, കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി എന്നിവരെ നിരന്തരം സന്ദർശിച്ച് മുഖ്യമന്ത്രി കേരളത്തിൽ ദേശീയപാതാ വികസനം സാദ്ധ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തി. 2019 ജൂൺ 15-ന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിധിൻ ഗഡ്കരി വിളിച്ചുചേർത്ത

യോഗത്തിൽ സ്ഥലമേറ്റെടുക്കൽ പ്രശ്നം ചർച്ച ചെയ്തു. 25 ശതമാനം കേരളം വഹിക്കണമെന്ന നിലപാട് നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചു. കേരളത്തിൽ തിരിച്ചെത്തിയ മുഖ്യമന്ത്രി ജൂൺ 19-നുതന്നെ ഉന്നതതല യോഗം വിളിച്ച് ദേശീയപാതാ വികസനം സാദ്ധ്യമാക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കാനുള്ള തീരുമാനമെടുത്തു. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു സംസ്ഥാന സർക്കാർ ദേശീയപാതാ വികസനത്തിനുവേണ്ടി ഫണ്ട് വിനിയോഗിക്കുന്നത്. അത് നമ്മുടെ കേരളത്തിലാണെന്നത് ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതൊരു ക്രെഡിറ്റായല്ല പറയുന്നത്. ഒരു നിവൃത്തികേടുകൊണ്ട് ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു പദ്ധതി യാഥാർത്ഥ്യമാക്കാൻ സർക്കാർ ചെയ്തതാണ്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തെ അറിയിക്കുകയും ഉത്തരവാകുന്ന ഘട്ടത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും ഇടപെട്ടു. അങ്ങനെ ദേശീയപാത 66 കടന്നുപോകുന്ന മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളം ഫണ്ട് ചെലവഴിക്കാൻ തീരുമാനിച്ചു. സമയബന്ധിതമായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചുവെന്നുള്ളത് എടുത്തുപറയാൻ ഞാൻ

ആഗ്രഹിക്കുന്നു. ദേശീയപാത 66-ന്റെ വികസന പ്രവൃത്തിക്ക് സംസ്ഥാന സർക്കാർ കാലണ ചെലവഴിച്ചിട്ടില്ലെന്ന് കേന്ദ്ര സർക്കാരിനെ നയിക്കുന്ന രാഷ്ട്രീയ പാർട്ടിയും അവരെ ഇരുട്ടത്തും വെളിച്ചത്തും താങ്ങുന്നവരും സോഷ്യൽ മീഡിയയിലൂടെയൊക്കെ പിന്തുണയ്ക്കാറുണ്ടെങ്കിലും ദേശീയപാത 66-ന്റെ വികസനത്തിന് സംസ്ഥാന സർക്കാർ 5586,73,00,000/- രൂപ ചെലവഴിച്ചുവെന്ന് പാർലമെന്റിൽ ഒരു ചോദ്യത്തിന് ശ്രീ. നിഥിൻ ഗഡ്കരി മറുപടി നൽകി. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് കർണ്ണാടകയിൽ എൻ.എച്ച്.-66-ന്റെ പ്രവൃത്തി ഒച്ചിന്റെ വേഗത്തിലാണെങ്കിൽ കേരളത്തിൽ അതിവേഗം നടത്തുന്നു. കേരള മുഖ്യമന്ത്രി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് സർക്കാർ ആകെ ഇടപെടുന്നതിന്റെ ഭാഗമായി കർണ്ണാടകയ്ക്കുപോലും മാതൃകയാകുന്ന നിലയിലേയ്ക്ക് കേരളം മാറിയെന്ന് നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ദി ഹിന്ദു ദിനപ്പത്രം എഴുതി. നമ്മുടെ സംസ്ഥാനത്തെ മാധ്യമങ്ങൾക്ക് മറ്റ് പല തിരക്കുമായതുകൊണ്ട് ഇത് മറന്നുപോയതാണ്. എന്നാൽ ഇക്കാര്യം ദി ഹിന്ദു പത്രം വളരെ കൃത്യമായി റിപ്പോർട്ട് ചെയ്യുന്ന സ്ഥിതിയുണ്ടായി. ദേശീയപാത 66-ൽ കഴക്കൂട്ടം എലിവേറ്റഡ് ഹൈവേ, കോവളം-കാരോട്

ബൈപാസ്, നീലേശ്വരം ആർ.ഒ.ബി. എന്നീ പദ്ധതികൾ ഇതിനോടകം പൂർത്തിയാക്കി കഴിഞ്ഞു. തലശ്ശേരി-മാഹി ബൈപാസ്, പാലോളി-മൂരാട് പാലം എന്നിവ അന്തിമഘട്ടത്തിലാണ്, ഉടനെ തുറന്നുകൊടുക്കാനാകും. അതുപോലെ നിരവധി പദ്ധതികൾ പൂർത്തീകരിച്ചു. മലയാളിയുടെ ചിരകാല സ്വപ്നമായ ദേശീയ പാത-66 കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 45 മീറ്റർ ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയുമായി ചേർന്നുനിന്നുകൊണ്ട് ഒരു സംസ്ഥാന സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള ഇടപെടലിന്റെ ഭാഗമായി 2025-ഓടുകൂടി പൂർത്തീകരിക്കാനാകുമെന്നുള്ള സന്തോഷ വിവരം ഞാൻ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, പൊതുമരാമത്ത് വകുപ്പിനുകീഴിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന സ്തുത്യർഹമായ പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. ഔട്ടർ റിംഗ് റോഡിന്റെ തുടർച്ചയായി സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന പാതകളും വികസിപ്പിക്കേണ്ടത് ആവശ്യമാണ്. ദേശീയപാത 744 കൊല്ലം-ചെങ്കോട്ട, എറണാകുളം ബൈപ്പാസ് എന്നീ പദ്ധതികളുടെ പുരോഗതിയും വിശദാംശങ്ങളും എന്തൊക്കെയാണ്; കൂടാതെ അങ്കമാലി-കേശവദാസപുരം

എം.സി.റോഡ് നാലുവരിപ്പാതയാക്കുമെന്ന പ്രഖ്യാപനം കേട്ടു. അതിന്റെ നിജസ്ഥിതി എന്താണ്?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന പാതകൾ വികസിപ്പിക്കേണ്ടതുണ്ട്. നിരവധി പദ്ധതികൾ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ചർച്ച ചെയ്തിട്ടുണ്ട്. ദേശീയപാത 744 കൊല്ലം-ചെങ്കോട്ട, എറണാകുളം ബൈപ്പാസ് എന്നിവ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എം.സി.റോഡിന് സമാന്തരമായി ഗ്രീൻഫീൽഡ് ഹൈവേ, കൊല്ലം-ചെങ്കോട്ട ദേശീയപാതയുടെ വികസനം എന്നിവ വളരെ പ്രധാനപ്പെട്ടതാണ്. തീരദേശപാതയും മലയോര ഹൈവേയും ഒരു ഭാഗത്തുണ്ട്. കൊല്ലം-ചെങ്കോട്ട ദേശീയപാത വികസനവും എറണാകുളം ബൈപ്പാസ് വികസനവും സാധ്യമാക്കാനുള്ള ഇടപെടലുകൾ നടത്തിയതുപോലെ മേൽപ്പറഞ്ഞ പദ്ധതികളെല്ലാം മുന്നോട്ടുകൊണ്ടുപോകാനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. കൊല്ലം-ചെങ്കോട്ട ദേശീയപാതയ്ക്ക് 317.35 കോടി രൂപയും എറണാകുളം ബൈപ്പാസിന് 424 കോടി രൂപയും സംസ്ഥാന സർക്കാരിന് അധിക ബാധ്യതയാകുമെന്ന കണക്കും ഇതിന്റെ ഭാഗമായി പുറത്തുവന്നു.

കേന്ദ്രസർക്കാരിന്റെ സമീപനം എന്തുതന്നെയാണെങ്കിലും പരമാവധി പദ്ധതികൾ ലഭ്യമാകാനും അത് യാഥാർത്ഥ്യമാക്കാനുമുള്ള ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ഐ. ബി. സതീഷ്: സർ, ബഹുമാന്യനായ മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ തിരുവനന്തപുരം ജില്ലയിൽ വിസ്മയകരമായ വികസന സാധ്യതയാണ് ഔട്ടർ റിംഗ് റോഡ് വഴിയുണ്ടാകുന്നത്. ലോകത്തിലെ തന്നെ ഏറ്റവും പ്രകൃതിദത്തമായ ആഴമുള്ള വിഴിഞ്ഞം തുറമുഖത്തുനിന്ന് ദേശീയപാതയിലേയ്ക്കുള്ള പാതയാണ് ഔട്ടർ റിംഗ് റോഡ്. കാട്ടാക്കട നിയോജകമണ്ഡലത്തെ നെടുകെ വിഭജിച്ചുകൊണ്ടാണ് ഈ റോഡ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതി ഏറ്റെടുക്കുമ്പോൾ എത്രത്തോളം സാമ്പത്തിക ബാധ്യതയാണ് വരുന്നത്; ഭൂമി വിട്ടുനൽകാൻ തയ്യാറായ ആളുകളിൽ ആശങ്കയുളവാക്കാനുള്ള ശ്രമങ്ങൾ നടക്കുന്ന സാഹചര്യത്തിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും കേന്ദ്രവുമായി തുടർ ചർച്ചകൾക്ക് തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഔട്ടർ റിംഗ് റോഡ് പദ്ധതി യാഥാർത്ഥ്യമാക്കാൻ സംസ്ഥാനത്തിന് 1600 കോടിയിലധികം രൂപയുടെ

ബാധ്യതയാണ് കണക്കാക്കുന്നത്. ഭൂമി ഏറ്റെടുക്കലിന് 930 കോടിയിലധികം രൂപയും സംസ്ഥാന ചരക്കു-സേവന നികുതി ഒഴിവാക്കുന്ന ബാധ്യത 211 കോടി രൂപയും റോയൽറ്റി 11 കോടി രൂപയും സർവ്വീസ് റോഡ് നിർമ്മാണത്തിന് 477 കോടി രൂപയും സംസ്ഥാനത്തിന്റെ ഉത്തരവാദിത്വമായി കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുന്നുണ്ട്. പുതിയ സാഹചര്യത്തിൽ സർവ്വീസ് റോഡിനുള്ള 477 കോടി രൂപ കേന്ദ്ര സർക്കാർ വഹിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയുമായി ഇക്കാര്യം ചർച്ച ചെയ്തു. 03.08.2023-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. നിതിൻ ഗഡ്കരിക്ക് അയച്ച കത്തിൽ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. 10.10.2023-ന് ഡൽഹിയിൽ വകുപ്പുമന്ത്രിയുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചർച്ച നടത്തുകയും കേരളത്തിന്റെ ആവശ്യം ആവർത്തിക്കുകയും ചെയ്തു. എന്നാൽ സർവ്വീസ് റോഡിന്റെ നിർമ്മാണം കേരളം തന്നെ നിർവ്വഹിക്കണമെന്നാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. ഇക്കാര്യത്തിൽ കേരളത്തിന്റെ സാഹചര്യം ചൂണ്ടിക്കാട്ടി കേന്ദ്രത്തെ

ഒരിക്കൽക്കൂടി സമീപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഔട്ടർ റിംഗ് റോഡ് പദ്ധതി യാഥാർത്ഥ്യമാക്കുമെന്നതുതന്നെയാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. എന്തൊക്കെ പ്രതിസന്ധിയുണ്ടായാലും ഒരു തീരുമാനം കൈക്കൊണ്ടാൽ ആ പ്രതിസന്ധികളെ തട്ടിമാറ്റി മുന്നോട്ടുപോയ പാരമ്പര്യമാണ് എൽ.ഡി.എഫ്. സർക്കാരിനുള്ളതെന്ന് ഒരിക്കൽക്കൂടി ചൂണ്ടിക്കാട്ടാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, അന്തർസംസ്ഥാന പാതയായ ആനമല-മലക്കപ്പാറ റോഡ് പുനരുദ്ധാരണം തുടങ്ങി മൂന്ന് വർഷമായിട്ടും പദ്ധതി ഇഴഞ്ഞുനീങ്ങുകയാണ്. വെള്ളിക്കുളങ്ങര-വെറ്റിലപ്പാറ മലയോര ഹൈവേ അടക്കമുള്ള ചാലക്കുടി നിയോജകമണ്ഡലത്തിലെ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളുടെ നിർമ്മാണം തുടങ്ങാനാകാത്ത അവസ്ഥയാണ്. അടിയന്തരമായി ഈ വിഷയത്തിൽ ഇടപെട്ട് നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്

കിഫ്ബിയുമായി യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ഈ വിഷയം വളരെ പ്രധാനപ്പെട്ട അജണ്ടയായി ആ യോഗത്തിൽ പരിഗണിക്കുന്നതായിരിക്കും.

ശ്രീ. വി. ജോയി: സർ, ദേശീയപാത 66 കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള പാതയുടെ കാര്യം ഇവിടെ പറഞ്ഞു. മറ്റൊരു പ്രധാനപ്പെട്ട പാതയാണ് കരമന-കളിയിക്കാവിള ദേശീയപാത. അതിലെ തേർഡ് റീച്ചായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തെ വികസനപ്രവർത്തനങ്ങൾ നിലവിൽ വഴിമുട്ടി നിൽക്കുകയാണ്. അത് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതുമായി ബന്ധപ്പെട്ട് യോഗം ചേർന്ന് കാര്യങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഈ വിഷയം ഒരിക്കൽക്കൂടി ചർച്ച ചെയ്ത് പരിഹരിക്കാനുള്ള ഒരു പൊതുനിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എൻ. കെ. അക്ബർ: സർ, ദേശീയപാതാ അതോറിറ്റിയുടെ കീഴിൽ നിർമ്മാണം പുരോഗമിക്കുന്ന ദേശീയപാത 66-ന്റെ വികസന പുരോഗതി പരിശോധിക്കാൻ അങ്ങ് കഴിഞ്ഞയാഴ്ച നേരിട്ട് സ്ഥലപരിശോധന നടത്തിയിരുന്നു. അവിടത്തെ ജനങ്ങളിൽനിന്നും ഉയർന്നുവന്ന ഒരു പ്രശ്നമാണ് ഗുരുവായൂർ നിയോജകമണ്ഡലത്തിലെ

മംഗലംകുന്ന് മസ്ജിദ്, ചേറ്റുവ എം.ഇ.എസ്, പൊക്കുളങ്ങര എന്നിവിടങ്ങളിലെ അണ്ടർപാസിന്റെ പ്രശ്നം. അക്കാര്യം പരിഹരിക്കാനുള്ള നടപടിയുടെ പുരോഗതി വിശദീകരിക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, അണ്ടർപാസുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ വരുന്നുണ്ട്. പൊതുവിൽ അതത് ജില്ലകളിൽ ദേശീയപാത അതോറിറ്റിയും ഞങ്ങളും ഒരു ടീമായി നേരിട്ട് പോയി കാര്യങ്ങൾ പരിശോധിക്കുകയാണ് ചെയ്യുന്നത്. നേരത്തെ തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ സന്ദർശനം പൂർത്തീകരിച്ചിരുന്നു. കഴിഞ്ഞ ദിവസങ്ങളിൽ മലപ്പുറം, തൃശ്ശൂർ എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയതിന്റെ ഭാഗമായി ചില വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങളിലെല്ലാം യു.ഡി.എഫ്. ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ വളരെ നല്ലരീതിയിലുള്ള സമീപനമാണ് സ്വീകരിച്ചത്. പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഞങ്ങൾക്കൊപ്പം നേരിട്ടുവന്ന് പരിശോധനാ പ്രവർത്തനത്തിൽ പങ്കെടുത്തിരുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ആലുവയിലെ മാർത്താണ്ഡവർമ്മ പാലത്തിൽ നിരന്തരമായി ബ്ലോക്കുണ്ടാകാറുണ്ട്. ബഹുമാനപ്പെട്ട എം.പി. ബെന്നി ബെഹനാനും ഞങ്ങളുമുൾപ്പെടെ ശ്രീ. നിതിൻ ഗഡ്കരിക്ക് നേരിട്ട് പരാതി നൽകിയിരുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും അങ്ങയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ദേശീയപാതയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരാണ് ഇടപെടേണ്ടത്. പക്ഷേ ഇവിടെ അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് വരുന്നതുകൊണ്ട് നിലവിലുള്ള ദേശീയപാതയുടെ വിഷയത്തിൽ ഇടപെടാൻ അവർ വൈമനസ്യം കാണിക്കുകയാണ്. കുണ്ടന്നൂർ ബൈപ്പാസ് വന്നാലും ഇവിടെ എയർപോർട്ട് ഉള്ളതുകൊണ്ട് ഈ റോഡിലെ തിരക്ക് ഒരിക്കലും കുറയില്ല. നിലവിൽ മാർത്താണ്ഡവർമ്മ പാലത്തിൽ ഉച്ചസമയത്തുപോലും വളരെയധികം ബ്ലോക്കുണ്ടാകുന്ന സാഹചര്യമാണുള്ളത്. പ്രസ്തുത പാലം പുനരുദ്ധാരണത്തിന് ഇരുപത് ദിവസം അടച്ചിടാൻ പോകുകയാണ്. അവിടത്തെ ബ്ലോക്ക് മാറ്റുന്നതിനായി കേന്ദ്ര സർക്കാർ ഇടപെട്ട് സംസ്ഥാന സർക്കാർ മുൻകയ്യെടുത്തുകൊണ്ട് പുതിയ പാലമോ എലിവേറ്റഡ് ഹൈവേയോ നിർമ്മിക്കാനുള്ള പദ്ധതി കൊണ്ടുവരാൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ദേശീയപാതാ അതോറിറ്റിയുമായി ചർച്ച നടത്തി ഈ വിഷയം പരിശോധിക്കാവുന്നതാണ്. ഇതിനുപുറമെ മറ്റ് സാധ്യതകൾ കൂടി പരിശോധിക്കാം.

## സംസ്ഥാന സ്കൂൾ കലോത്സവം

(*92) ശ്രീമതി ദെലീമ:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. എം. മുകേഷ്:

ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാംസ്കാരിക സമ്പന്നതയ്ക്ക് തിളക്കം കൂട്ടാൻ കഴിയുംവിധം സംസ്ഥാന സ്കൂൾ കലോത്സവം സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കലോത്സവത്തിൽ പൂർണ്ണമായും ഹരിത പ്രോട്ടോക്കോൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) നാനാത്വത്തിൽ ഏകത്വം പരിരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള വേദിയായി കലോത്സവത്തെ മാറ്റാൻ സർക്കാർ ബോധപൂർവ്വമായ ശ്രമം നടത്തുമോ;

(ഡി) അടുത്തവർഷം മുതൽ ഗോത്രകലകളെ കലോത്സവ മത്സരയിനങ്ങളിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ?

ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ):

(എ) ഉണ്ട്. കേരളത്തിന്റെ സാംസ്കാരിക സമ്പന്നത വിളിച്ചോതുന്ന തരത്തിൽ തന്നെയാണ് സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ നടത്തിവരുന്നത്. അപ്രകാരം സാംസ്കാരിക സമ്പന്നത ഉയർത്തിപ്പിടിക്കുന്ന തരത്തിൽ തന്നെയാണ് 62-ാമത് സംസ്ഥാന സ്കൂൾ കലോത്സവം സംഘടിപ്പിച്ചത്. വ്യത്യസ്ത മത്സരയിനങ്ങൾ 24 വേദികളിലായി 5 ദിവസം നീണ്ടുനിന്ന ഈ കലാമേളയിൽ അരങ്ങേറിയിരുന്നു.

(ബി) ഉണ്ട്. ഹരിത പ്രോട്ടോക്കോൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് 62-ാമത് കേരള സ്കൂൾ കലോത്സവം സംഘടിപ്പിച്ചത്. ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നതിനായി വ്യത്യസ്തങ്ങളായ പ്രവർത്തന പരിപാടികളാണ് ശുചിത്വമിഷന്റെയും കൊല്ലം ജില്ലാ കോർപ്പറേഷന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചത്.

(സി) സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ നാനാത്വത്തിൽ ഏകത്വത്തിന്റെ പ്രകടമായ അവതരണ വേദികളായി മാറി. ദൃശ്യ-ശ്രാവ്യ രൂപങ്ങളിലായി വിവിധ കാലങ്ങളേയും ദേശങ്ങളേയും അടയാളപ്പെടുത്തുന്ന വിഭിന്ന കലാരൂപങ്ങൾ കൊണ്ട് സമ്പന്നമാണ് സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ. വിവിധ കാലങ്ങളിലും ദേശങ്ങളിലുമായി വ്യത്യസ്ത മനുഷ്യ സമുദായങ്ങളിലുയിർക്കൊണ്ട വിഭിന്ന കലാരൂപങ്ങൾ നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെയാണ് വിളിച്ചോതുന്നത്. പ്രാദേശികമായും ജാതീയമായും മതാത്മകമായും വർഗ്ഗീയമായും മറ്റും വേർതിരിക്കപ്പെട്ട ഒരു സമൂഹം കലാവിഷ്കരണത്തിലൂടെ ഏകീകരിക്കപ്പെട്ടതിന്റെ ചരിത്രമാണ് സാംസ്കാരിക കേരളത്തിനുള്ളത്. ആയതിനാൽത്തന്നെ നാനാത്വത്തിൽ ഏകത്വം

പരിരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള വേദിയായി കലോത്സവത്തെ മാറ്റുന്ന പ്രവർത്തനങ്ങളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായത്.

(ഡി) കലോത്സവ മാനുവൽ സമഗ്രമായി പരിഷ്കരിക്കുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം മാനുവൽ പരിഷ്കരിക്കുന്ന വേളയിൽ ഗോത്രകലകളെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇതിന്റെ തുടക്കമെന്ന നിലയിൽ ഈ വർഷംതന്നെ സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ കാസർഗോഡ് ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥിനികൾ ഗോത്രകലയായ മംഗലം കളി അവതരിപ്പിക്കുകയുണ്ടായി.

<u>ശ്രീമതി ദലീമ</u>: സർ, ഇന്ത്യയിലെതന്നെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിന്റെ സാംസ്കാരിക സമ്പന്നതയ്ക്ക് തിളക്കം കൂട്ടുന്ന വലിയ മാറ്റങ്ങളുണ്ടാക്കി സ്കൂൾ കലോത്സവങ്ങൾ മാറുന്നതിൽ ഏറ്റവും മികവ് പുലർത്തുന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയെയും വകുപ്പിനെയും അഭിനന്ദിക്കുകയാണ്. ഏഷ്യയിലെ ഏറ്റവും വലിയ കൗമാര കലോത്സവങ്ങളിൽ ഒന്നാണ് കേരള സ്കൂൾ കലോത്സവം. ഈ കലാമേളയെ

ടൂറിസവുമായി ബന്ധപ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങളോ ആലോചകളോ നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. ഏഷ്യയിലെതന്നെ ഏറ്റവും വലിയ കലോത്സവമാണ് നമ്മുടെ സ്കൂൾ കലോത്സവം. ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ സന്ദർശിക്കുന്ന സീസൺ സെപ്റ്റംബർ മുതൽ മാർച്ചുവരെയാണ്. ഡിസംബർ, ജനുവരി മാസങ്ങളിലാണ് കേരള സ്കൂൾ കലോത്സവം സംഘടിപ്പിക്കുന്നത്. ഇതിലൂടെ ഒരു വലിയ സാധ്യതയാണ് കേരളത്തിന് തുറന്നുകിട്ടുന്നത്. പരമ്പരാഗതവും ആധുനികവുമായ നിരവധി കലകൾ പ്രദർശിപ്പിക്കുന്ന വേദിയാണ് കേരള സ്കൂൾ കലോത്സവം. കലോത്സവത്തിൽ എത്തുന്ന ടൂറിസ്റ്റുകൾക്ക് കേരളത്തിലെ കലകളെപ്പറ്റി അടുത്തറിയാൻ കഴിയും. ഇതിനായി കേരള സ്കൂൾ കലോത്സവത്തെ ഒരു രാജ്യാന്തര ബ്രാൻഡാക്കി മാറ്റേണ്ടതുണ്ട്. ഇതിൽ ടൂറിസം വകുപ്പുമായി ആലോചിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി ദലീമ: സർ, സംസ്ഥാന സ്കൂൾ കലോത്സവത്തെ ലോക റെക്കോർഡുകളിൽ ഉൾപ്പെടുത്താൻ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, സംസ്ഥാന സ്കൂൾ കലോത്സവത്തെ ലോക റെക്കോർഡ് വേദികളിലെത്തിക്കുന്നതിനുള്ള എല്ലാ സാധ്യതകളും പരിശോധിക്കുന്നതിനായി പ്രത്യേക സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സമാനതകളില്ലാത്ത ഒരു മഹോത്സവമാണ് നമ്മുടെ സ്കൂൾ കലോത്സവങ്ങൾ. എന്നാൽ ഇതൊരു ഉത്സവം മാത്രമല്ല, മത്സരംകൂടിയായിട്ടാണ് നടത്തുന്നത്. ഈ മത്സരത്തിൽ വിധികർത്താക്കളെ നിശ്ചയിക്കുന്നതിന്റെ ഭാഗമായി ഒട്ടേറെ പരാതികളുണ്ടാകുന്നതായി കാണുന്നുണ്ട്. വളരെയേറെ കഴിവുള്ള കുട്ടികൾ പിന്തള്ളപ്പെടുന്നു, അവർക്ക് അർഹതപ്പെട്ട രീതിയിലുള്ള അംഗീകാരം ലഭ്യമാകുന്നില്ല, മത്സരങ്ങളെപ്പറ്റി അവഗാഹമായ അറിവില്ലാത്ത ആളുകൾപോലും ജഡ്ജസായി നിയമിക്കപ്പെടുന്നു എന്നൊക്കെയുള്ള പരാതികൾ പരക്കെയുണ്ടാകുന്നുണ്ട്. അതുകൊണ്ടുതന്നെ കലോത്സവ വിധികർത്താക്കളുടെ നിയമനം സംബന്ധിച്ച നിലവിലെ സംവിധാനം പരിഷ്കരിച്ച് കുറ്റമറ്റതാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, പൊതുവെ കലോത്സവ വിധികർത്താക്കളെ നിശ്ചയിക്കുന്നതിൽ സുതാര്യത കാത്തുസൂക്ഷിക്കുന്നുണ്ട്. എങ്കിലും പരാതികളുയർന്നുവരുന്നുണ്ട്. അതെല്ലാം അടിസ്ഥാനപ്പെടുത്തിയാണ് കലോത്സവ മാനുവൽ പരിഷ്കരിക്കാനുള്ള തീരുമാനമെടുത്തിരിക്കുന്നത്. തദവസരത്തിൽ വിധികർത്താക്കളുടെ പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതാണ്.

<u>ശ്രീ. എം. മുകേഷ്</u>: സർ, കഴിഞ്ഞ ജനുവരി 4 മുതൽ എട്ടുവരെ കൊല്ലത്ത് നടന്ന കലാമാമാങ്കം ഒരു ചരിത്ര സംഭവമായി മാറി. 4-ാം തീയതി കലോത്സവം ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും 8-ാം തീയതി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനും സമ്മാനദാന നിർവ്വഹണം നടത്തിയത് ശ്രീ. മമ്മൂട്ടിയുമായിരുന്നു. അന്നുവരെ കൊല്ലം ജില്ലയെ ഇളക്കിമറിച്ച ആവേശമാണ് അവിടെ കണ്ടത്. അതിന്റെ സംഘാടക മികവിനെപ്പറ്റി രണ്ട് വാക്ക് സംസാരിക്കേണ്ടതുണ്ട്. ശ്രീ. വി. ശിവൻകുട്ടി., ശ്രീ. കെ. എൻ. ബാലഗോപാൽ, ശ്രീമതി ജെ. ചിഞ്ചുറാണി എന്നീ മൂന്ന് മന്ത്രിമാരും കൊല്ലം ജില്ലയിൽനിന്നുള്ള

ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, പോലീസ് വിഭാഗം, പത്ര-മാധ്യമ സുഹൃത്തുക്കൾ എല്ലാവരും 24 വേദികളിലും ഒരേ താളത്തിൽ പോയതുകൊണ്ടാണ് ഇത്രയും മഹത്തായ വിജയം അവിടെ നേടാൻ സാധിച്ചത്. അതുമായി ബന്ധപ്പെട്ട ഒന്നുരണ്ട് ചെറിയ സന്തോഷങ്ങൾ നിങ്ങളോടൊപ്പം പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം അവിടെയുള്ള തൊഴിലാളികൾ സൗജന്യമായി ഓട്ടോറിക്ഷകളും മറ്റ് വാഹനങ്ങളും വിട്ടുനൽകുന്നു, മത്സരാർത്ഥികൾക്ക് ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് പോകുന്നതിനുള്ള സൗകര്യമൊരുക്കി കൊടുക്കുന്നു. ഇതൊക്കെ എന്നെ വല്ലാതെ സന്തോഷിപ്പിച്ചു. ഈ മത്സരാർത്ഥികൾ പോകുന്നതിന്റെ കൂട്ടത്തിൽത്തന്നെ കാണികളും അവരവരുടെ വാഹനങ്ങളിൽ പരക്കം പായുന്നതാണ് ഓരോ സ്ഥലത്തും കാണാൻ സാധിച്ചത്.

<u>മി. സ്പീക്കർ</u>: അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ...

<u>ശ്രീ. എം. മുകേഷ്</u>: സർ, ചോദ്യത്തിലേയ്ക്കാണ് വരുന്നത്. രണ്ടാമത്തെ കാര്യം, നേരത്തെ പറഞ്ഞതുപോലെ മുമ്പ് മത്സരവും പഠനവും ഒരു സാധാരണ സംഭവമായിരുന്നുവെങ്കിൽ ഇത്തവണ കലയുമായി ബന്ധപ്പെട്ട എല്ലാവരും ഇതൊരു ജീവിതമാർഗ്ഗമാക്കണം, അത്രയും വലിയൊരു

സ്റ്റാൻഡേർഡാണ് ആ മത്സരങ്ങളിലെല്ലാം കണ്ടത്. അത് കലാ ലോകത്തിന് ഏറെ പ്രതീക്ഷ നൽകുന്ന ഒന്നാണ്. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് തുടർന്നും പിന്തുണയും പ്രോത്സാഹനവും നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം വലിയൊരു കലാകാരനായതുകൊണ്ട് സ്കൂൾ കലോത്സവത്തെക്കുറിച്ച് നിർത്താതെയാണ് സംസാരിച്ചത്. അദ്ദേഹം പറഞ്ഞതുപോലെ സ്കൂൾ കലോത്സവത്തെ ഒരു മഹത്തായ സംഭവമാക്കി മാറ്റാൻ നമുക്ക് സാധിച്ചു. നമ്മുടെ മന്ത്രിമാരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമെല്ലാം ചേർന്നാണ് ആ കലോത്സവത്തെ ഗംഭീരമാക്കിയത്. ഏകദേശം 24 സ്റ്റേജുകളിലായി 239 മത്സരങ്ങൾ നടന്നതിൽ 12,717 കുട്ടികളാണ് പങ്കെടുത്തത്. ഇത്രയധികം കുട്ടികൾ പങ്കെടുക്കുകയും ഇത്രയധികം മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിട്ടും യാതൊരു തരത്തിലുള്ള ആക്ഷേപവുമില്ലാതെ ഏറ്റവും ഭംഗിയായി കലോത്സവം നടത്താൻ മുൻകയ്യെടുത്തവർക്ക് വിദ്യാഭ്യാസ വകുപ്പിനുവേണ്ടി പ്രത്യേക നന്ദി രേഖപ്പെടുത്തുകയാണ്. അദ്ദേഹം ചോദിച്ച മറ്റൊരു ചോദ്യം,

കലോത്സവത്തിൽ പങ്കെടുത്ത് വിജയിക്കുന്ന കുട്ടികൾക്ക് നൽകുന്ന പ്രോത്സാഹനത്തെക്കുറിച്ചാണ്. ഇപ്പോൾത്തന്നെ ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള എല്ലാ സംവിധാനങ്ങളുമുണ്ട്. കൂടാതെ മാനുവൽ പരിഷ്കരണത്തെപ്പറ്റിയും വിദ്യാഭ്യാസ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ അത് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, സംസ്ഥാന സ്കൂൾ കലോത്സവം പ്രൗഢഗംഭീരമായി സംഘടിപ്പിക്കാൻ നമുക്ക് കഴിഞ്ഞു. മന്ത്രിമാരും എം.എൽ.എ.-മാരും ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ നേതൃത്വപരമായ നല്ല ഇടപെടൽ സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ വിജയത്തിന് നിർണ്ണായകമായ കാരണമായിത്തീർന്നിട്ടുണ്ട്. കലോത്സവങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിധി നിർണ്ണയത്തിൽ നിരവധി അപ്പീലുകൾ ഉയർന്നുവരുന്ന സാഹചര്യമുണ്ട്. കലോത്സവങ്ങളിൽ അപ്പീലുകൾ നിയന്ത്രിക്കുന്നതിനുള്ള എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. പലപ്പോഴും അപ്പീലുകൾ കലോത്സവ

കൃത്യനിർവ്വഹണത്തിന് തടസ്സമായി വന്നിട്ടുണ്ട്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിലടക്കം നിരവധി കേസ്സുകൾ നിലനിൽക്കുന്നുണ്ട്. അതെല്ലാം പരിശോധിച്ചുകൊണ്ട് അപ്പീലുകൾ എങ്ങനെയാണ് നിയന്ത്രിക്കാൻ കഴിയുകയെന്നുള്ളത് പിന്നീട് പരിശോധിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, സംസ്ഥാന കലോത്സവത്തിന്റെ മുന്നൊരുക്കമായി സബ്ജില്ല, ജില്ല തലങ്ങളിലെല്ലാം കലോത്സവങ്ങൾ നടത്തിയിരുന്നു. ഇതിൽ ഭാരിച്ച സാമ്പത്തിക ബാധ്യതയാണ് സംഘാടകർക്ക് വരുന്നത്. ചെലവും കൂടി വരികയാണ്. വളരെ നാമമാത്രമായ തുക മാത്രമാണ് പ്രസ്തുത കലോത്സവങ്ങൾക്കായി വിദ്യാഭ്യാസ വകുപ്പ് അനുവദിക്കുന്നത്. ദിവസങ്ങളും ആഴ്ചകളും നീണ്ടു നിൽക്കുന്ന പണപ്പിരിവ് വഴിയാണ് അദ്ധ്യാപകരും സംഘാടകരും ജനപ്രതിനിധികളുമെല്ലാം ഇതിനുള്ള പണം കണ്ടെത്തുന്നത്. ചിലർ കടബാധ്യതയിലുമാണ്. ആയതിനാൽ ഇത്തരത്തിൽ ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ കൂടുതൽ തുക അനുവദിക്കാൻ ഗവൺമെന്റ് ആലോചിക്കുമോ? രണ്ടാമത്തെ കാര്യം, നിലവിൽ നൽകാമെന്ന് സമ്മതിച്ച തുകയുണ്ട്. ഇപ്പോൾ സ്കൂൾ

വാർഷികങ്ങളുടെയും യാത്രയയപ്പുകളുടെയും കാലമായതുകൊണ്ട് ഞാൻ ഇത്തരത്തിൽ വളരെ നന്നായി കലോത്സവങ്ങൾ നടത്തി വിജയിച്ച സ്കൂളുകളിൽ ചെന്നപ്പോൾ, അവർക്ക് പണം ലഭിച്ചിട്ടില്ല എന്നാണ് പറയുന്നത്. അവർക്ക് നൽകാനുള്ള പണം വേഗത്തിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അങ്ങിവിടെ ചൂണ്ടിക്കാണിച്ചത് വളരെ ശരിയായ കാര്യമാണ്. സർക്കാർ നൽകുന്ന പണംകൊണ്ടുമാത്രം യുവജനോത്സവങ്ങൾ സംഘടിപ്പിക്കാൻ സാധിക്കില്ല. സംസ്ഥാന യുവജനോത്സവത്തിനുതന്നെ ഏകദേശം 3.75 കോടി രൂപയാണ് സർക്കാർ നൽകുന്നത്. അത് മതിയാവില്ലെന്ന് നമുക്കെല്ലാമറിയാം. അതുപോലെത്തന്നെ സബ്ജില്ലാ, ജില്ലാ കലോത്സവങ്ങൾക്കും സർക്കാർ നൽകുന്ന പണം തികയില്ല. ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമെല്ലാം സ്പോൺസർമാരെ കണ്ടുപിടിച്ചാണ് ഇതെല്ലാം നടത്തിക്കൊണ്ടിരിക്കുന്നതെന്നും അറിയാം. നൽകാനുള്ള പണം തീർച്ചയായും കൊടുക്കേണ്ടതുതന്നെയാണ്. അത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സംസ്ഥാനതലം വരെ സ്കൂൾ കലോത്സവം വളരെ ഭംഗിയായി നടന്നു. എന്നാൽ സംസ്ഥാന കലോത്സവം കഴിഞ്ഞിട്ടും സബ്ജില്ലാ, ജില്ലാ, റവന്യൂ കലോത്സവങ്ങൾ നടത്തിയ വകയിൽ ചെലവായ പണം ഇതുവരെയും ബന്ധപ്പെട്ട അദ്ധ്യാപകർക്ക് ലഭിച്ചിട്ടില്ല. റവന്യൂ ജില്ലയ്ക്ക് 43 ലക്ഷം രൂപയും സബ്ജില്ലയ്ക്ക് 2.5 ലക്ഷം രൂപ വീതവുമാണ് അനുവദിച്ചത്. നേരത്തെ ശ്രീ. സണ്ണി ജോസഫ് പറഞ്ഞതുപോലെ, അത് വളരെ തുച്ഛമായ തുകയാണ്. അതുപോലും സംസ്ഥാന കലോത്സവം കഴിഞ്ഞിട്ടും ഇതുവരെ ലഭിച്ചിട്ടില്ല എന്നത് വളരെ വേദനാജനകമായ വസ്തുതയാണ്. പ്രസ്തുത തുക എന്നേയ്ക്ക് നൽകാൻ സാധിക്കുമെന്നാണ് എന്റെ ചോദ്യം?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, എത്രയുംവേഗം നൽകണമെന്നുതന്നെയാണ് സർക്കാരും ആഗ്രഹിക്കുന്നത്. നമ്മുടെ സാമ്പത്തികമായ പ്രശ്നങ്ങളുണ്ട്. അത് പരിഹരിച്ച് എത്രയുംവേഗം ഫണ്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, 'കൊല്ലം കണ്ടാൽ ഇല്ലംവേണ്ട' എന്ന് പഴമക്കാർ പറയുന്നതുപോലെ കേരളത്തിലെ ഏറ്റവും വലിയ സ്കൂൾ

കലോത്സവത്തിനായിരുന്നു കൊല്ലം പട്ടണം സാക്ഷ്യം വഹിച്ചത്. ശ്രീ. എം. മുകേഷ്, ശ്രീ. എം. നൗഷാദ്, ശ്രീ. പി. എസ്. സുപാൽ, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നിങ്ങനെ ഞങ്ങളെല്ലാം മുഴുവൻ സമയവും അവിടെ പ്രവർത്തിക്കുകയായിരുന്നു. 24 കമ്മിറ്റികളും വളരെ നന്നായി പ്രവർത്തിച്ചു. ശ്രീ. പി. സി. വിഷ്ണുനാഥ് ഫുഡ് കമ്മിറ്റിയുടെ ചെയർമാനായിരുന്നു. അവരെല്ലാം വളരെ നന്നായി അക്കാര്യത്തിൽ ഇടപെട്ടു. രണ്ടാം തവണയാണ് കൊല്ലത്ത് കലോത്സവം നടക്കുന്നത്. ആദ്യ തവണ കലോത്സവം നടക്കുമ്പോഴും ഞാൻ എം.എൽ.എ. ആയിരുന്നു. അന്നുപോലും ഇല്ലാത്ത തരത്തിൽ നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി വൈകുന്നേരം 5 മണിക്ക് എല്ലാ കമ്മിറ്റി ചെയർമാൻമാരെയും കൺവീനർമാരെയും വിളിച്ചുവരുത്തി മോണിറ്ററിംഗ് നടത്താറുണ്ടായിരുന്നു. അത് ഞാൻ ആദ്യമായാണ് കാണുന്നത്. വളരെ നന്നായി, ഗംഭീരമായി അക്കാര്യങ്ങൾ നടത്താൻ കൊല്ലം നഗരം ഏറ്റെടുത്തു എന്നുള്ളതാണ് ഈ സ്കൂൾ കലോത്സവത്തിന്റെ ഏറ്റവും വലിയ വിജയത്തിന്റെ പ്രത്യേകത. എന്റെയൊരു പ്രധാനപ്പെട്ട ചോദ്യം, ഈ കലോത്സവത്തിന് ഒരുപാട് അപ്പീലുകൾ, കോടതിയിങ്ങനെ നൽകുകയാണ്. ഓരോ പേപ്പറുകളുമായി

ചെല്ലുമ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി വാരിക്കോരി അപ്പീൽ നൽകുന്നതിന്റെ ഭാഗമായി ധാരാളം കുട്ടികൾ കലോത്സവത്തിൽ, ടൈം ഷെഡ്യൂൾ വച്ച് ഇത് നടത്താൻ കഴിയുന്നില്ല, അതുകൊണ്ട് മൺമറഞ്ഞുപോയ നാടൻ കലാമേളകൾകൂടി അടുത്ത കലോത്സവത്തിൽ ഉൾപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, മൺമറഞ്ഞ കലാരൂപങ്ങൾകൂടി വരുമ്പോൾ അപ്പീലുകൾ കൂടാനുള്ള സാധ്യതയുണ്ട്. അപ്പീൽ കുറയ്ക്കാനുള്ള ഇടപെടലാണ് വേണ്ടത്. കൊല്ലത്ത് ഗംഭീരമായാണ് നടത്തിയത്. കൊല്ലം കണ്ടവന് ഇല്ലംവേണ്ട എന്നുപറഞ്ഞിട്ട് അവിടെ അധികം ആളുകൾ നിന്നോ എന്നൊരു സംശയമുണ്ട്. പരിപാടി കഴിഞ്ഞപ്പോൾ എല്ലാവരും പോയല്ലോ. എന്തായാലും നാടൻ കലാരൂപങ്ങളടക്കം, അടുത്ത മാന്വൽ പരിഷ്കരിക്കുന്ന സന്ദർഭത്തിൽ ഗോത്രകലകളെ ഉൾപ്പെടുത്താനുള്ള തീരുമാനമെടുത്തതിന്റെ ആദ്യഘട്ടമെന്ന നിലയിലാണ് ഈ വർഷത്തെ കലോത്സവത്തിന്റെ ഉദ്ഘാടനത്തിൽ ഗോത്രകല അവതരിപ്പിക്കുന്ന സ്ഥിതിയുണ്ടായത്. അതുകൊണ്ട് നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇടപെടൽകൂടി നടത്താൻ കഴിയുമോ എന്നകാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഒരു ആരോപണവും ആക്ഷേപവുമില്ലാതെ കുറ്റമറ്റ രൂപത്തിൽ ഏഷ്യയിലെത്തന്നെ ഏറ്റവും വലിയ കലോത്സവമായ സംസ്ഥാന സ്കൂൾ കലോത്സവം നടത്തിയ വിദ്യാഭ്യാസ വകുപ്പിനെയും അതിന് പിന്തുണയർപ്പിച്ച കൊല്ലം ജില്ലയിലെ എല്ലാ ജനപ്രതിനിധികളെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്. കപ്പ് കണ്ണൂർ ജില്ലയാണ് കൊണ്ടുപോയത്. അതിന്റെ വിഷമം പാലക്കാട്ടുകാർക്കുണ്ടെങ്കിലും "Bloody Kannur" എന്ന് ആക്ഷേപിച്ച കേരളത്തിലെ ഗവർണർക്കുള്ള ചുട്ട മറുപടിയായി ആ കലാകാരന്മാർ കപ്പ് കൊണ്ടുപോയപ്പോൾ അതിലതിയായ സന്തോഷം എനിക്കുണ്ട്. എന്റെ ചോദ്യമിതാണ്, പാലക്കാടിന്റെ തനത് കലാരൂപമായ പൊറാട്ട് കളി, കണ്യാർകളി, ആര്യമാലക്കളി, കതിരുകളി എന്നിവകൂടി മറ്റ് ജില്ലകളിലെ കലാരൂപങ്ങൾ ഉൾപ്പെടുത്തിയതുപോലെ കലോത്സവത്തിൽ ഉൾപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പാലക്കാട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ടൊരു കലാരൂപമാണ് പൊറാട്ട് നാടകം. തൃശ്ശൂർ ജില്ല പാലക്കാടിനടുത്താണ്. ഞങ്ങൾ പൊറാട്ട് കളിയെന്നല്ല, പൊറാട്ട്

നാടകമെന്നാണ് പറയുന്നത്. പൊറാട്ട് നാടകം ഒരു പ്രത്യേക കലാരൂപമാണ്. കുറച്ച് പ്രശ്നമുള്ളതാണ്. അത് സ്കൂൾ കലോത്സവത്തിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്നത് പരിശോധിക്കാം.

## പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക കർമ്മപദ്ധതി

(*93) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോര മേഖലയിലടക്കം വിവിധ മേഖലകളിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) പട്ടയ പ്രശ്നങ്ങൾ കൂടുതലായുള്ള ജില്ലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കി മുഴുവൻ പട്ടയവും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) പട്ടയങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് " എന്ന മുദ്രാവാക്യത്തോടെ കേരളത്തിലെ റവന്യൂ വകുപ്പിൽ നടപ്പിലാക്കപ്പെട്ട ഏറ്റവും ശ്രദ്ധേയമായ പദ്ധതികളിലൊന്നാണ് പട്ടയം ഡാഷ് ബോർഡ്. വിശദമായ മറുപടിയാണ്. ഞാൻ മുഴുവനും വിശദീകരിക്കുന്നില്ല. എന്നാൽ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം, പട്ടയം ഡാഷ് ബോർഡ് രൂപീകരിക്കപ്പെട്ടതിനുശേഷം കേരളത്തിലെ എം.എൽ.എ.-മാർ അദ്ധ്യക്ഷൻമാരായി, കേരള ചരിത്രത്തിൽ ആദ്യമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കുൾപ്പെടെ പങ്കാളികളാകാൻ കഴിയുന്ന വിധത്തിലുള്ള പട്ടയ അസംബ്ലിയിലും കേരളത്തിൽ ആരംഭിക്കപ്പെട്ട വില്ലേജുതല ജനകീയ സഭകളിലും പട്ടയം നൽകുവാനുള്ള ആളുകളുടെ ലിസ്റ്റ് തയ്യാറാക്കി അത് പട്ടയം ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി പലതലങ്ങളിലൂടെ നൽകുവാനുള്ള വലിയ ശ്രമമാണ് നടക്കുന്നത്. എനിക്ക് സഭയെ അറിയിക്കുവാനുള്ള സന്തോഷകരമായ കാര്യം, രണ്ട് വർഷക്കാലത്തിനിടയിൽ ഈ സർക്കാർ 1,21,604 പട്ടയങ്ങൾ കൊടുത്തു എന്നതിനുപുറമെ ഇപ്പോൾ കേരളത്തിൽ

വിതരണം ചെയ്യാൻ 28,280 പട്ടയങ്ങൾകൂടി തയ്യാറായിരിക്കുകയാണ്. രണ്ടര വർഷക്കാലത്തിനിടയിൽ ഒന്നര ലക്ഷം പട്ടയങ്ങൾ ഈ ഗവൺമെന്റ് കേരളത്തിൽ നൽകി എന്ന സന്തോഷത്തോടെ പട്ടയമിഷൻ കേരളത്തിലെ ശ്രദ്ധേയമായൊരു പദ്ധതിയായി മുന്നോട്ടുപോകുകയാണ്.

(എ&ബി) "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് " എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ്, സംസ്ഥാനത്തെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയം മിഷൻ. മലയോര മേഖല, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തോടെ പട്ടയം നൽകുന്നതിനായി 19-04-2023-ലെ സ.ഉ.(കൈ) നം.87/2023/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (അനുബന്ധം -1+) പട്ടയം മിഷൻ രൂപീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന നിരീക്ഷണ സമിതി, ലാന്റ് റവന്യൂ കമ്മീഷണർ അദ്ധ്യക്ഷനായ സംസ്ഥാന ദൗത്യ സംഘം, ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ ദൗത്യ സംഘം, തഹസിൽദാർ അധ്യക്ഷനായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

താലൂക്ക് ദൗത്യ സംഘം, വില്ലേജ് ഓഫീസർ കൺവീനറായ വില്ലേജ് തല വിവര ശേഖരണ സമിതി എന്നിവ അടങ്ങിയതാണ് പട്ടയ മിഷന്റെ ഘടന. പട്ടയ മിഷന്റെ ഭാഗമായി പട്ടയ പ്രശ്നങ്ങൾ നിയോജക മണ്ഡല അടിസ്ഥാനത്തിൽ കണ്ടെത്തി അതിനുള്ള പരിഹാരം കാണുന്നതിനാണ് പട്ടയ അസംബ്ലികൾ നടത്തി വരുന്നത്. തഹസിൽദാരിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ എല്ലാ മണ്ഡലങ്ങളുടേയും നോഡൽ ഓഫീസർമാരായി നിയമിക്കുകയും അതത് നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി പട്ടയ അസംബ്ലി കൂടാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലേയും പട്ടയ അസംബ്ലികൾ കൂടി പട്ടയ വിഷയങ്ങൾ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള തുടർനടപടികൾ താലൂക്ക് തലത്തിൽ കൈക്കൊള്ളുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ പട്ടയമിഷൻ സെൽ വിലയിരുത്തുന്നുണ്ട്.

നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ് ബോർഡ്) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രിൻസിപ്പൽ സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവർ പങ്കെടുത്ത പട്ടയം ഡാഷ് ബോർഡ് അദാലത്തുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം ആയത് പരിഹരിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകിവരുന്നു. അതോടൊപ്പം എല്ലാ ആഴ്ചയിലും റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന് വരുന്ന റവന്യൂ സെക്രട്ടേറിയേറ്റിൽ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു.

വനഭൂമി പട്ടയവുമായി ബന്ധപ്പെട്ട് 1993-ലെ കേരള ഭൂമി പതിവ് (01-01-1977-നുമുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം സംയുക്ത പരിശോധനയും സർവ്വേ നടപടികളും പൂർത്തീകരിച്ച് സ്കെച്ച് തയ്യാറാക്കി പട്ടയം അനുവദിക്കുന്നതിന് അർഹരായവരുടെ വിവരങ്ങൾ പരിവേഷ് പോർട്ടലിൽ അപ്‌ലോഡ്

ചെയ്യുകയും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 121604 പേർക്ക് പട്ടയം നൽകിയിട്ടുള്ളതാണ്. 2024 ജനുവരി മാസത്തിൽ എല്ലാ ജില്ലകൾക്കും പട്ടയം വിതരണം നടത്തുന്നതിന് ടാർഗറ്റ് നൽകിയിട്ടുള്ളതും അതുപ്രകാരം 28,280-ത്തോളം പട്ടയങ്ങൾ (ലാന്റ് ട്രൈബ്യൂണൽ ഉൾപ്പെടെ) നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് നാളിതുവരെ അനുവദിച്ചിട്ടുള്ള പട്ടയങ്ങൾ ജില്ലാ താലൂക്ക് കേന്ദ്രങ്ങളിൽനിന്നും സ്കാൻ ചെയ്ത് റവന്യൂ വകുപ്പിന്റെ എൽ.ആർ.ഡി. പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന നടപടി പുരോഗമിച്ചുവരുന്നുണ്ട്. അനുവദിച്ചിട്ടുള്ള പട്ടയങ്ങളിൽ 25,712 പട്ടയങ്ങളുടെ വിവരങ്ങൾ നിലവിൽ പ്രസ്തുത പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പട്ടയങ്ങൾ സ്കാൻ ചെയ്ത് ഉൾപ്പെടുത്തുന്ന പ്രവർത്തി നടന്നുവരുന്നു. ഭാവിയിൽ നൽകുന്ന പട്ടയങ്ങൾ ഇ-ഫയൽ മുഖേന കൈകാര്യം ചെയ്യാനും പട്ടയ പകർപ്പ് അതത് ഇ-ഫയലിലും LRD പോർട്ടലിലും സ്കാൻ ചെയ്ത് സൂക്ഷിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. 2023 വർഷം മുതൽ ലാൻഡ്

ട്രൈബ്യൂണലുകൾ മുഖേന നൽകുന്ന പട്ടയങ്ങൾ ഡിജിറ്റലായി നൽകി വരുന്നുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, കേരളത്തിന്റെ ഭരണനിർവ്വഹണ ചരിത്രത്തിൽ ആദ്യത്തേത് എന്ന് വിശേഷിപ്പിക്കാവുന്ന പട്ടയ അസംബ്ലി ഉൾപ്പെടെയുള്ള ഉദ്യമങ്ങൾക്ക് രൂപംനൽകിയ ഈ സർക്കാരിനെയും ഇക്കാര്യത്തിൽ ആത്മാർത്ഥമായി പരിശ്രമിക്കുന്ന റവന്യൂ വകുപ്പുമന്ത്രിയെയും ആദരവോടെ അഭിനന്ദിക്കുകയാണ്. പെരുമ്പട്ടി, പൊന്തൻപുഴ മേഖലകളിലെ ഒരിഞ്ച് വനഭൂമി പോലും കയ്യേറാത്ത 512 കുടുംബങ്ങളുടെ പട്ടയത്തിനായുള്ള 64 വർഷത്തെ കാത്തിരിപ്പും ജനകീയ പ്രക്ഷോഭവും പരിഹരിക്കാൻ സർക്കാർ നിരന്തരമായി പരിശ്രമിക്കുന്നു. ഇക്കാര്യത്തിലുള്ള തുടർനടപടികൾ വിശദീകരിക്കാമോ?

ശ്രീ. കെ. രാജൻ: സർ, പെരുമ്പട്ടി വില്ലേജിലെ വനഭൂമിയുടെ ജണ്ടയ്ക്ക് പുറത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകാൻ കഴിയാത്തൊരു അവസ്ഥ സംജാതമായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം അക്കാര്യത്തിൽ ഞങ്ങളോടൊപ്പംനിന്ന് ഗൗരവമായി ഇടപെടുന്നതുകൊണ്ട് അദ്ദേഹത്തിനറിയാം. നോട്ടിഫൈഡ് ഏരിയയ്ക്ക് പുറത്താണ് ജനങ്ങൾ

താമസിക്കുന്നതെന്ന് പറയുമ്പോഴും രേഖകളിൽ റിസർവ് എന്ന് ചേർത്തിട്ടുണ്ട്. അതുകൊണ്ടാണ് 1964-ലെ ചട്ടപ്രകാരം പട്ടയം നൽകാനാകാത്തത്. പക്ഷേ, 1771 ഏക്കർ മാത്രമുള്ള വലിയകാവ് റിസർവിൽ നിലവിൽ 2141 ഏക്കർ വനമെന്ന് വകുപ്പ് രേഖപ്പെടുത്തി വച്ചിട്ടുണ്ട്. പക്ഷേ വകുപ്പുതന്നെ പറയുന്നുണ്ട്, ഇത്രയും വനം ഞങ്ങളുടെ കൈവശമില്ല എന്ന്. പെരുമ്പട്ടി വില്ലേജിലെ നിലവിലെ കൈവശക്കാർക്ക് യഥാർത്ഥ വനഭൂമിക്ക് പുറത്താണ് എന്നതാണ് റവന്യൂ വകുപ്പിന്റെയും കണക്ക്. ഇതിനാൽ സ്ഥലം അളന്ന് തിട്ടപ്പെടുത്തി വനഭൂമി വേർതിരിച്ചാൽ മാത്രമേ ഈ നടപടികൾ വേഗതയിൽ മുന്നോട്ട് പോകാനാകുകയുള്ളൂ. കോഴിക്കോട് മിനി സർവ്വേ ടീമിന്റെ സഹായത്തോടെ സർവ്വേ നടപടികൾ നേരത്തെ ആരംഭിച്ചുവെങ്കിലും റിസർവ് ഫോറസ്റ്റിന്റെ സർവ്വേ സ്കെച്ച് ലഭ്യമല്ലാത്തതിനാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാനായില്ല. പെരുമ്പട്ടി ഉൾപ്പെടുന്ന പൊന്തൻപുഴ വനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഒരു കേസിൽ സ്റ്റാറ്റസ്-കോ നിലനിൽക്കുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. പക്ഷേ, പെരുമ്പട്ടിയിലെ പ്രശ്നം പരിഹരിക്കുന്നതിനായി വലിയകാവ് വനം ഉൾപ്പെടുന്ന പെരുമ്പട്ടി,

അങ്ങാടി, ചേത്തക്കൽ വില്ലേജുകളുടെ ഡിജിറ്റൽ റീ-സർവ്വേയാണ് ഏറ്റവും പ്രധാനപ്പെട്ട വഴി. അതുകൊണ്ട് ഡിജിൽ റീ-സർവ്വേ പദ്ധതിയിൽ രണ്ടാംഘട്ടത്തിൽ ഈ മൂന്ന് വില്ലേജുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടുകൂടി റവന്യൂ, വനം ഭൂമികൾ കൃത്യമായി കണക്കാക്കാനാകും. സുപ്രീംകോടതിയുടെ സ്റ്റാറ്റസ്-കോ ഉത്തരവ് വലിയകാവ് വനത്തിൽ യഥാർത്ഥത്തിലുള്ള 1771 ഏക്കർ റിസർവ്വിന് മാത്രമാണ് ബാധകമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അത് സർവ്വേ ചെയ്തെടുത്താൽ അതിന് പുറത്തുള്ള റവന്യൂഭൂമി സർവ്വേ നടത്തി കണ്ടെത്തിയാൽ അതിന് പട്ടയം നൽകാനാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. വളരെ പോസിറ്റീവായിട്ടാണ് റവന്യൂ വകുപ്പ് ഇക്കാര്യത്തിൽ ഇടപെടുന്നത്. ഈ പ്രശ്നം ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പരിഹരിച്ച് മുന്നോട്ട് പോകാനാകുമെന്ന് കരുതുന്നു. റവന്യൂ സെക്രട്ടേറിയറ്റിൽ ഒരു പ്രധാന ഇനമായി അങ്ങയുടെകൂടി അഭ്യർത്ഥനപ്രകാരം അത് ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, 1951-ൽ തിരു-കൊച്ചി സർക്കാർ കൈമാറിയ വെച്ചൂച്ചിറയിലെ 1500 ഏക്കർ ഭൂമിക്ക് പട്ടയം ലഭ്യമാക്കാൻ സർവ്വേ ടീമിനെ നിയോഗിച്ചുവെന്നത് ശ്രദ്ധേയമാണ്. എന്നാൽ റാന്നിയുടെ

കിഴക്കൻ മലയോര മേഖലയിൽ ആദിവാസി സങ്കേതങ്ങൾ ഉൾപ്പെടെ 1977-ന് മുമ്പ് ഉണ്ടായിട്ടുള്ള വനഭൂമി കയ്യേറ്റം ക്രമപ്പെടുത്താൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിശോധന പൂർത്തിയാക്കിയെങ്കിലും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്മേലുള്ള സമ്മർദ്ദം തുടരാനും ഒപ്പം, നിയമാനുസൃതമായി പട്ടികവർഗ്ഗക്കാരിൽനിന്നും കൈമാറി എന്നതുകൊണ്ട് പട്ടയം ലഭ്യമാക്കാൻ കഴിയാത്തതുകൊണ്ടുള്ള സങ്കീർണ്ണമായ നിയമപ്രശ്നങ്ങൾ പരിഹരിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, വനഭൂമി വിതരണവുമായി ബന്ധപ്പെട്ട ചട്ടം വളരെ പ്രത്യേകതയുള്ളതാണ്. 1977-ന് മുമ്പ് ഭൂമിയിൽ കുടിയേറിയ ആളുകൾക്ക് പട്ടയം നൽകാൻ 1960-ലെ ഭൂപതിവ് നിയമത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട ചട്ടം 1993 ആണ്. അതിന്റെ പുതിയ സാഹചര്യമനുസരിച്ച്, നേരത്തെ ഒരു അപേക്ഷ കൊടുത്ത് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചാൽ മതിയായിരുന്നു. ഇപ്പോൾ പ്രത്യേകമായി സർവ്വേ നടത്തണം, ടോപ്പോ ഷീറ്റിലേയ്ക്ക് രേഖപ്പെടുത്തണം, പരിവേഷ് പോർട്ടലിൽ എന്റർ ചെയ്യണം, എന്നിട്ട് 1993-ലെ ചട്ടപ്രകാരം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. കേന്ദ്ര ഗവൺമെന്റാണെങ്കിൽ

ഇപ്പോൾ പുറത്തിറക്കിയ നിർദ്ദേശപ്രകാരം പറയുന്നൊരു പുതിയ കാര്യം, A district as a unit എന്ന വിധത്തിൽ ഒരുമിച്ച് എന്റർ ചെയ്യണമെന്നാണ്. എന്തായാലും കേരളത്തിന് ഇതിനകം അനുമതി ലഭ്യമായ 4327.455 ഹെക്ടർ ഭൂമി 11486 പേർക്കായി നമ്മൾ ഇതിനകം വീതിച്ചുനൽകിയിട്ടുണ്ട്. പുതിയതായി 2499 ഹെക്ടർ വരുന്ന 8430 അപേക്ഷകൾ പരിവേഷ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ പത്തനംതിട്ട ജില്ലയിൽ 1969 ഹെക്ടർ ഭൂമി 6418 പേർക്കായി കൊടുക്കണമെന്ന് കാണിച്ചുകൊണ്ട് വനംവകുപ്പിന്റെ എൻ.ഒ.സി.-യോടുകൂടി പരിവേഷ് പോർട്ടലിൽ ഇതിനകം ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട സംസ്ഥാന വനംവകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും ഞാനും ചേർന്ന് ഈ വരുന്ന 7-ാം തീയതി കേന്ദ്ര വനം വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ തുടർ ചർച്ചകൾ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും റവന്യൂ വകുപ്പും തുടർച്ചയായി ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തോടെ ആയത് അനുവദിച്ചുതന്നാൽ ഏറ്റവും പെട്ടെന്ന് കൊടുക്കാൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, മണിമല പഞ്ചായത്തിലെ മണിമല വില്ലേജിലെ ആലപ്ര, പൊന്തൻപുഴ മേഖലയിലെ 668 കുടുംബങ്ങൾ, ഇവിടെ 70 വർഷത്തിന്റെ പഴക്കമാണെങ്കിൽ 120 വർഷത്തിന്റെ പഴക്കമുള്ള താമസക്കാരാണ്. അവിടെ ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ എസ്.എൽ.പി. നിലനിൽക്കുന്നു എന്ന കാരണംകൊണ്ടും അവിടെ വർഷങ്ങളായി ആളുകൾ താമസിക്കുന്ന പ്രദേശം വനമാണെന്ന് റവന്യൂ റിക്കാർഡിൽ രേഖപ്പെടുത്തിയതുകൊണ്ടുമാണ് പട്ടയം ലഭിക്കാതെ പോകുന്നതെന്നാണ് മനസ്സിലാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് റവന്യൂ, വനം വകുപ്പുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തുകയും ചെയ്തതാണ്. പക്ഷേ, അതിനുശേഷം തുടർനടപടികൾ മുന്നോട്ട് പോയില്ല. എന്റെ ചോദ്യം, എയ്ഞ്ചൽ വാലിയിൽ പട്ടയം നൽകാൻ വനം വകുപ്പ് മുഖേന കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചതുപോലെ ഈ ജണ്ടയ്ക്ക് പുറത്ത് താമസിക്കുന്ന ആളുകൾക്ക് പട്ടയം ലഭിക്കുന്നതിനായി, കണ്ടൻ കുമാരന്റെയും അയ്യങ്കാളിയുടെയുമൊക്കെ തലമുറയിൽപ്പെട്ട ആളുകളാണ് ഇവിടെ ഭൂരിപക്ഷവുമുള്ളത്. അവർക്ക് പട്ടയം ലഭിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അനുകൂലമായ നടപടി സ്വീകരിക്കുമോ; വർഷങ്ങളായുള്ള

പ്രശ്നമാണ്. അത് പരിഹരിക്കണം. ഇക്കാര്യത്തിൽ വകുപ്പ് കാണിക്കുന്ന വലിയ ആർജ്ജവത്തെ അഭിനന്ദിക്കുകകൂടി ചെയ്യുന്നു.

<u>ശ്രീ. കെ. രാജൻ</u>: സർ, ആദിവാസികളെയും പട്ടികവർഗ്ഗ മേഖലയിൽപ്പെടുന്നവരെയും ഭൂമിയുടെ ഉടമസ്ഥരാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള വലിയ പ്രവർത്തനങ്ങൾക്കാണ് റവന്യൂ വകുപ്പും പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുമൊക്കെ ഇക്കാലത്ത് നേതൃത്വം നൽകുന്നത്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃത്യമായ കണക്കുകൾ ഈ സഭയുടെ മുമ്പാകെ വച്ചുകൊണ്ട് ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇവിടെ ആലപ്ര-പൊന്തൻപുഴ പ്രദേശത്തെ പട്ടയ പ്രശ്നം എയ്ഞ്ചൽവാലിയിൽനിന്നും തികച്ചും വ്യത്യസ്തമാണ്. "Grow More Food"-നുവേണ്ടി നേരത്തെ കേന്ദ്രഗവൺമെന്റ് അനുവദിച്ച വനേതര ആവശ്യങ്ങൾക്ക് വിട്ടുനൽകിയ ഭൂമി വീണ്ടും കൊടുക്കുന്നതുമായി ബന്ധപ്പെട്ടാണ് എയ്ഞ്ചൽവാലിയിലെ പ്രശ്നം. പക്ഷേ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ദീർഘകാലത്തെ, എനിക്ക് തോന്നുന്നു, ഒരു നൂറ് വർഷം മുമ്പ് വനമായി നോട്ടിഫൈ ചെയ്ത പ്രദേശമാണ് ആലപ്ര-പൊന്തൻപുഴ പ്രദേശമെന്ന് ഒരുപക്ഷം ആളുകൾ പ്രഖ്യാപിക്കുന്നുണ്ട്. എന്നാൽ അതോടൊപ്പം ഭൂമി വനഭൂമിയായി നോട്ടിഫൈ ചെയ്യുന്നതിനുമുമ്പ്

മഹാരാജാവ് നീട്ട് നൽകിയ അതായത് നെയ്ത്തല്ലൂർ കോവിലകത്തിന് റോയൽ ഗ്രാൻഡ്സ് പ്രകാരം നീട്ട് നൽകിയ ഭൂമിയാണെന്നും അതിനാൽ നോട്ടിഫിക്കേഷൻ നിലനിൽക്കില്ലായെന്നും കാണിച്ച് കോവിലകത്തെ ആളുകൾ കോടതിയെ സമീപിക്കുകയും കോടതി തീരുമാനം ഏതാണ്ട് അവർക്ക് അനുകൂലമായി വരികയും, ആ ഘട്ടത്തിൽ വനം വകുപ്പ് MFA 1/81 ആയി ഹൈക്കോടതിയിൽത്തന്നെ അപ്പീൽ കൊടുക്കുകയും ചെയ്തു. ഇതുപ്രകാരം 10-01-2018-ൽ ഹൈക്കോടതി വിധി പ്രഖ്യാപിച്ചതനുസരിച്ച് ആലപ്ര-വലിയകാവ് പ്രദേശങ്ങളിൽ റിസർവായി പ്രഖ്യാപിച്ച നോട്ടിഫിക്കേഷൻ റദ്ദാക്കുന്ന സമീപനമുണ്ടായി. ഈ ഭൂമി കോവിലകത്തിനോ പിൻഗാമികൾക്കോ അവകാശപ്പെടാം എന്നല്ല കോടതി പറഞ്ഞത്. കോടതി നിരീക്ഷിച്ചത് 1971-ലെ The Kerala Private Forests (Vesting and Assignment) Act പ്രകാരം സർക്കാരിൽ നിക്ഷിപ്തമാകുമെന്ന് കോടതി പറയുന്ന സാഹചര്യമുണ്ടായി. ഈ വിധിക്കെതിരെയും ഇപ്പോൾ വനം വകുപ്പിന്റെ അപ്പീൽ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് Status quo എന്നാണ് പ്രഖ്യാപിച്ചത്. Status quo പ്രഖ്യാപിച്ച സാഹചര്യത്തിൽ പട്ടയ നടപടികൾ മുന്നോട്ടുപോകാനാകില്ല. പക്ഷേ, അങ്ങേയ്ക്കും അവിടത്തെ

ജനങ്ങൾക്കും ലഭിക്കുന്നൊരു സമാധാനം, കോടതി വിധി കോവിലകത്തിന് അനുകൂലമായി വന്നാൽ 1971-ലെ The Kerala Private Forests (Vesting and Assignment) Act പ്രകാരം സർക്കാരിന് നിക്ഷിപ്തമായത് സർക്കാരിന് കൊടുക്കാം; വനം വകുപ്പിനാണ് കൈമാറുന്നതെങ്കിൽ വനം വകുപ്പുമായി കൂടിയാലോചിച്ച് അങ്ങ് നേരത്തെ പറഞ്ഞതുപോലെ ജോയിന്റ് വെരിഫിക്കേഷൻ നടന്നതുകൊണ്ട് അവരുടെ NOC സാദ്ധ്യമായതുകൊണ്ട് നമുക്ക് 1993-ലെ ചട്ടമനുസരിച്ച് കേന്ദ്ര ഗവൺമെന്റിനെ സമീപിക്കുകയും ചെയ്യാം. രണ്ടായാലും, ആ പ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് പട്ടയം കൊടുക്കണമെന്ന പൊതുനിലപാടാണ് ഗവൺമെന്റിനുള്ളത്. ആ നിലപാടിന് സഹായകരമാകുന്ന വിധത്തിൽ എന്ത് നടപടിയെടുത്താലും കോടതിയിലെ സ്റ്റേ വെക്കേറ്റ് ചെയ്യപ്പെട്ടാൽ അതുമായി ബന്ധപ്പെട്ട് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, 75 വർഷത്തിലധികമായി പട്ടയം ലഭിക്കാതിരുന്ന എന്റെ നിയോജകമണ്ഡലത്തിലെ എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളിലടക്കം പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ച മന്ത്രിയെയും വകുപ്പിനെയും പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഒപ്പം

എന്റെ നിയോജകമണ്ഡലത്തിൽ എരുമേലി തെക്ക്, വടക്ക്, കോരുത്തോട്, മുണ്ടക്കയം, കൂവപ്പള്ളി, ഇടക്കുന്നം എന്നീ വില്ലേജുകളിലായി ഏഴായിരത്തിലധികം പട്ടയ അപേക്ഷകൾ ഇനിയും പെൻഡിംഗ് ആണ്. അതിൽ ഭൂരിപക്ഷവും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടേതുമാണ്. ആ പട്ടയ അപേക്ഷകളിൽക്കൂടി തീർപ്പുകൽപ്പിച്ച് പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; അതിനായൊരു സ്പെഷ്യൽ ഓഫീസ് ആരംഭിക്കുന്നതിനുകൂടിയുള്ള തീരുമാനമുണ്ടാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക് പ്രദേശത്ത് "Grow More Food" പ്രകാരം വനേതര ആവശ്യങ്ങൾക്കായി ഉപയോഗിച്ച 502 ഹെക്ടർ ഭൂമിയിൽ നേരത്തെ ഒരു പട്ടയം വിതരണം ചെയ്യാൻ കഴിഞ്ഞെങ്കിലും ജില്ലാ അതിർത്തി ഫിക്സ് ചെയ്യാത്തതുകൊണ്ട് ReLIS-ൽ കരമടയ്ക്കാത്ത പ്രശ്നം ദീർഘമായി നിലനിൽക്കുകയായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങി ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രത്യേകമായ സർവ്വേ ടീമിനെ ഉപയോഗിച്ചുകൊണ്ട് പ്രത്യേകിച്ച് വില്ലേജ് bifurcate ചെയ്ത് അവിടെ

അതിർത്തികൾ കൃത്യമായി പുനർനിർണ്ണയിച്ച്, കൊല്ലമുള വില്ലേജ് ഉൾപ്പെടെ നമ്മൾ അതിർത്തി നിശ്ചയിച്ചതുമൂലം 400 പട്ടയങ്ങൾ വിതരണം ചെയ്തു, 800 പേരുടെ പട്ടയങ്ങൾ തയ്യാറായി, ആ പ്രശ്നം ഏതാണ്ട് പരിഹരിക്കപ്പെട്ടു. അങ്ങ് ഇവിടെ ഉന്നയിക്കുന്ന Hill men settlement-ഉം ആയി ബന്ധപ്പെട്ട പ്രശ്നമാണ് കാഞ്ഞിരപ്പള്ളി താലൂക്കിലെ കോരുത്തോട്, എരുമേലി തെക്ക് പ്രദേശങ്ങളിൽ നിലനിൽക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വളരെ ഗൗരവത്തോടെ ഈ പ്രശ്നത്തെ റവന്യൂ വകുപ്പ് അഭിസംബോധന ചെയ്യുകയുണ്ടായി. അത് അനുസരിച്ച് 2020/2020 എന്ന ഗവൺമെന്റ് ഉത്തരവ് പുറത്തിറക്കി വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്തുള്ള റവന്യൂ രേഖകളിൽ നിലം-തരിശ് പുരയിടം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമി ഒരേക്കർവരെ 1964-ലെ ചട്ടമനുസരിച്ച് പതിച്ചുകൊടുക്കാമെന്ന തീരുമാനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായി. ആ തീരുമാനം പിന്നീട് ചില ക്ലാരിഫിക്കേഷനുകൾക്ക് വിധേയമായി. ചിലയിടങ്ങളിൽ ഉടമസ്ഥന്റെ പേര് സർക്കാർ എന്ന് രേഖപ്പെടുത്തുമ്പോഴും അതിന്റെ റിമാർക്ക്സിൽ റിസർവ് അല്ലെങ്കിൽ വനം എന്ന് തെറ്റായി രേഖപ്പെടുത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ 2020/2020 വീണ്ടും പുനഃപരിശോധിച്ച് ഗവൺമെന്റ്

3966/2023 എന്ന പുതിയ ഉത്തരവ് പുറത്തിറക്കി. റിസർവ് വനമെന്ന് രേഖപ്പെടുത്തിയാൽപ്പോലും കൊടുക്കാമെന്ന നിലപാട് എടുത്തു. ഞാൻ ഉദ്ദേശിച്ചത്, അക്കാര്യത്തിൽ ഏറ്റവും ഗൗരവമായ സമീപനമാണ് ഗവൺമെന്റ് എടുക്കുന്നത്. ഏഴായിരം പേർക്ക് എന്നാണ് അദ്ദേഹം ഉന്നയിച്ചത്. ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് പതിനായിരം പേരെങ്കിലും ഇതിന്റെ ഗുണഭോക്താക്കളായി വരുമെന്നതാണ്. നമുക്ക് ഇത്രയും പേർക്ക് പട്ടയം കൊടുക്കണമെന്നുള്ളതുകൊണ്ടുതന്നെ പ്രത്യേകമായ ഒരു ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുകയും എത്രയും പെട്ടെന്ന് അത് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട അംഗത്തിന് ഉറപ്പ് നൽകുകയാണ്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, പട്ടയ വിഷയത്തിൽ വളരെ എഫക്ടീവായ കാര്യങ്ങൾ ചെയ്യുന്ന മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ അമ്പതിലേറെ വർഷമായി താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാൻവേണ്ടി പല പ്രാവശ്യം ആപ്ലിക്കേഷൻ നൽകിയിട്ടുള്ളതാണ്. അതോടൊപ്പംതന്നെ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് 670 കോടി രൂപ

മുടക്കി 90 ശതമാനം പണി പൂർത്തീകരിച്ചുകഴിഞ്ഞു. ആ റോഡിന്റെ സൈഡിൽ താമസിക്കുന്ന ആളുകൾക്ക് പട്ടയം നൽകാൻ വേണ്ടിയുള്ള അടിയന്തരമായിട്ടുള്ള നടപടിയുണ്ടാകുമോ; കുറിച്ചി പഞ്ചായത്തിലെ എണ്ണക്കാച്ചിറ, തൃക്കടിത്താനം പഞ്ചായത്ത്, വാഴപ്പിള്ളി പഞ്ചായത്ത്, പായിപ്പാട് പഞ്ചായത്ത്, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെയും നിലവിൽ ആപ്ലിക്കേഷൻ തന്നിരിക്കുന്നവർക്ക് അടിയന്തരമായി പട്ടയം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, റവന്യൂ വകുപ്പിന്റെ ഭൂമിയല്ലാതെ റവന്യൂ വകുപ്പിൽനിന്ന് നേരത്തെ ലഭ്യമാക്കിയതും എന്നാൽ പുറമ്പോക്ക് അതായത് റോഡ് പുറമ്പോക്ക്, പൊതുമരാമത്തിന്റെ പുറമ്പോക്ക് 1995-ലെ പഞ്ചായത്തീരാജ് ആക്ട് പ്രകാരം കുളം പുറമ്പോക്ക്, ശ്മശാനങ്ങൾ, കന്നുകാലി മേച്ചിൽപുറങ്ങൾ ഇങ്ങനെ മാറ്റപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ അനുവാദത്തോടുകൂടി മാത്രമേ പതിച്ചു കൊടുക്കാൻ നിയമം അനുവദിക്കുന്നുള്ളൂ. പട്ടയം ഡാഷ് ബോർഡ് അതിന്റെ ഏറ്റവും ഉപരിഘടകമായി തീരുമാനിച്ചിട്ടുള്ളത് ചീഫ് സെക്രട്ടറി ചെയർമാനായി ഈ വരുന്ന എല്ലാ ഡിപ്പാർട്ടുമെന്റിന്റെയും പ്രിൻസിപ്പൽ സെക്രട്ടറിമാർ

അംഗങ്ങളായിട്ടുള്ള ഒരു സംസ്ഥാനതല നിരീക്ഷണ സമിതിയാണ്. അക്കാര്യത്തിൽ ആദ്യം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് കുളം പുറമ്പോക്ക്, പുഴ പുറമ്പോക്ക്, ശ്മശാനങ്ങൾ, മേച്ചിൽപ്പുറങ്ങൾ, കളിസ്ഥലങ്ങൾ തുടങ്ങി പഞ്ചായത്തിൽ വെസ്റ്റ് ചെയ്യപ്പെട്ട അഥവാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വെസ്റ്റ് ചെയ്യപ്പെട്ട ഭൂമി അവരുടെ കൂടി അനുവാദത്തോടെ കൊടുക്കാനുള്ള നടപടികൾ വേഗത്തിലാക്കാനുള്ള ശ്രമങ്ങൾക്ക് ഇപ്പോൾ വേഗത പകർന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകയ്യെടുത്തുകൊണ്ട് ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും യോഗം വിളിക്കാമെന്നും ആലോചിച്ചിട്ടുണ്ട്. അങ്ങനെ വരുന്ന മുറയ്ക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ കൂടി NOC (No Objection Certificate) ലഭ്യമാക്കിയും റവന്യൂ വകുപ്പിലേയ്ക്ക് ഡീവെസ്റ്റ് ചെയ്യിച്ചും ആ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, തീരദേശപട്ടയത്തിന്റെ കാര്യമാണ് എനിക്ക് പറയാനുള്ളത്. തീരദേശ ഹൈവേ വരുന്നുണ്ടല്ലോ. തീരദേശ ഹൈവേയിൽ താമസിക്കുന്നവർക്ക് എത്രയോ വർഷമായി സ്വന്തമായി

വീടുണ്ട്, ആ വീടുണ്ടാക്കാനായി പഞ്ചായത്തിൽനിന്ന് അവർക്ക് അനുവാദവും പൈസയും കിട്ടിയിട്ടുണ്ട്. പക്ഷേ, അവരുടെ ഭൂമിയ്ക്ക് പട്ടയമില്ല. തീരദേശ ഹൈവേ വരുന്നതോടുകൂടി പട്ടയമില്ലാത്തതുകൊണ്ട് അവർക്ക് ആനുകൂല്യങ്ങളോ അർഹതപ്പെട്ട കാര്യങ്ങളോ ഒന്നുംതന്നെ കിട്ടിയില്ല. പരപ്പനങ്ങാടി പോലുള്ള പല പ്രദേശങ്ങളിലും ഈ പ്രശ്നങ്ങളുണ്ട്. അതിനാൽ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ താൽക്കാലികമായി പട്ടയം നൽകി ആ മത്സ്യത്തൊഴിലാളികൾക്ക് തീരദേശ ഹൈവേ വരുമ്പോൾ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി എന്തെങ്കിലും ചെയ്യാൻ സാധിക്കുമോയെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വ്യക്തമാക്കുമോ?

ശ്രീ. കെ. രാജൻ: സർ, തീരദേശ പട്ടയ പ്രശ്നം പ്രത്യേകമായി നമ്മൾ നോക്കിയതാണ്. 1964-ലെ ചട്ടത്തിലെ 11(ii)(v) പ്രകാരമുള്ള ചില തടസ്സങ്ങളുണ്ടെങ്കിലും സമുദ്ര ജലനിരപ്പിൽനിന്ന് 100 അടിക്ക് മുകളിലുള്ള അതായത് 30.480 മീറ്റർ വ്യത്യാസത്തിലുള്ള സ്ഥലങ്ങളിൽ പട്ടയം കൊടുക്കാനുള്ളൊരു പ്രത്യേക മിഷനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. ഇതിന് കൃത്യമായ സർവ്വേ നേരത്തെയുണ്ടായിരുന്നില്ല. ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി ഒരു Cadastral survey കൂടി സംഘടിപ്പിക്കുന്നുണ്ട്

എന്നുള്ളതുകൊണ്ട് കൊടുക്കാൻ കഴിയുന്നവയുടെ നിയമപരമായ പ്രശ്നങ്ങൾ വേഗതയിൽ പരിഹരിക്കാൻ കഴിയും. മിഷന്റെ ഒരു പ്രധാനപ്പെട്ട അജണ്ട കൂടിയാണിത്.

ശ്രീ. വാഴൂർ സോമൻ: സർ, 1960-ലെ ഭൂ പതിവ് നിയമത്തിന്റെ അനിവാര്യമായ ഭേദഗതി സഭ ഒറ്റക്കെട്ടായി പാസ്സാക്കുകയുണ്ടായി. ഇടുക്കി ജില്ലയിലെ ജനങ്ങൾക്കുവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനേയും, അതിന് നേതൃത്വം കൊടുത്ത സർക്കാരിനേയും, ബഹുമാനപ്പെട്ട മന്ത്രിയേയും ഈ സന്ദർഭത്തിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം, ഈ ബിൽ നിയമമാക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇക്കാര്യത്തിൽ ഗവർണർ സ്വീകരിച്ചിട്ടുള്ള നിലപാട്, അതിനെന്തെങ്കിലും ന്യായങ്ങൾ പറയാനുണ്ടോ; അദ്ദേഹം എന്താണ് വ്യക്തമാക്കിയിട്ടുള്ളതെന്ന് സദയം വ്യക്തമാക്കുമോ?

ശ്രീ. കെ. രാജൻ: സർ, നമ്മുടെ നിയമസഭ അങ്ങയുടെ സാന്നിദ്ധ്യത്തിൽ വളരെ ഗൗരവകരമായി ചർച്ച ചെയ്യേണ്ട ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ സഭയിലുണ്ട്. മലയോര മേഖലയിലെ പട്ടയവുമായി ബന്ധപ്പെട്ട്, 1960-ലെ ഭൂ

പതിവ് നിയമത്തെ സംബന്ധിച്ച് ദീർഘമായ കാലം അതിന്റെ പ്രയാസങ്ങൾ നിലനിൽക്കുന്നുണ്ടായിരുന്നു. 2010-ൽ 1801/2010 എന്ന ഒരു പൊതുതാൽപര്യ ഹർജി വന്നതോടുകൂടി ആദ്യം മൂന്നാറിലെ 8 വില്ലേജുകളിലും തുടർന്ന് വിവിധ സ്ഥലങ്ങളിൽ എസ്.എൽ.പി. വരെ പോയി തള്ളി, സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും നൽകിയ ഭൂമി എന്താവശ്യത്തിനുവേണ്ടിയാണ് അനുവദിച്ചത്, ആ ആവശ്യത്തിനുമാത്രമേ വിനിയോഗിക്കാവൂ, എന്ന നിലപാട് വരികയും അവിടെ ഒരു ചെറിയ കെട്ടിടം പോലും നിർമ്മിക്കാൻ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വേണമെന്ന് നിർബന്ധം പിടിക്കുകയും ചെയ്തു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ 1801/2010 കേസ്സ് ഇപ്പോഴും തീർന്നിട്ടില്ല. ഇടുക്കിയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ 1964-ലെ ചട്ടപ്രകാരം അനുവദിച്ച ഭൂമിയിൽ വീടും കൃഷിയും അനുബന്ധ ആവശ്യങ്ങളുമല്ലാതെ മറ്റൊന്നിനും പറ്റുകയില്ല. 1993-ലെ ചട്ടപ്രകാരം അനുവദിച്ച സ്ഥലങ്ങളിൽ വീടും കൃഷിയും കടയുമല്ലാതെ മറ്റൊരു കാര്യത്തിനും പറ്റുകയില്ല. ഒരു ആശുപത്രി, ഒരു സ്കൂൾ കെട്ടിടം, എന്തിനേറെ ജൽജീവൻ മിഷന്റെ ഭാഗമായിട്ടുള്ള ഒരു ടാങ്കുപോലും സ്ഥാപിക്കാൻ ഇതുമൂലം അനുവാദം വരുന്നില്ലെന്ന ഘട്ടം വന്നു. 2010-ലെ 1801 കേസ്സ് വളരെ

ഗൗരവകരമായപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലം മുതൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ ആരംഭിച്ചതാണ്. എല്ലാ വിഭാഗം ആളുകളുമായി ആലോചിച്ച്, ഈ ഗവൺമെന്റിന്റെ കാലത്ത് പ്രതിപക്ഷവും ഉന്നയിച്ചു, ഞങ്ങളും ഉന്നയിച്ചു, എല്ലാ വിഭാഗം ആളുകളും ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ 1960-ലെ ഭൂ പതിവ് നിയമത്തിലെ ഭേദഗതി കൊണ്ടുവരാൻ ക്യാബിനറ്റ് ആലോചിച്ചു. ഇതൊരു ഭരണഘടനയുടെ അടിസ്ഥാനത്തിലാണ്, ഭരണഘടനയുടെ അനുച്ഛേദം 167 പ്രകാരം ക്യാബിനറ്റ് ഒരു തീരുമാനമെടുത്താൽ പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണവും നിയമനിർമ്മാണത്തിനുള്ള നിർദ്ദേശങ്ങളെടുത്താൽ 167(a) പ്രകാരം ആ നിർദ്ദേശങ്ങൾ അതാതു സമയത്ത് ബഹുമാനപ്പെട്ട ഗവർണറെ അറിയിക്കാനുള്ള ഉത്തരവാദിത്വം മുഖ്യമന്ത്രിക്കുണ്ട്. അതു സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള സംശയങ്ങൾ ബഹുമാനപ്പെട്ട ഗവർണർ ചോദിച്ചാൽ അതിന് മറുപടി കൊടുക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചുമതലയുണ്ട് അത് 166 (a) യും 167 (a), (b) യും അനുച്ഛേദത്തിലൂടെ പറയുന്നുണ്ട്. 167 (a) അനുസരിച്ച് കൃത്യതയോടെ ഈ വിവരം അപ്പോൾതന്നെ 7-08-2023-ൽത്തന്നെ ഗവർണറെ അറിയിച്ചു. 167

(b) പ്രകാരം ഒരു ആവശ്യവും കേരളത്തിലെ മുഖ്യമന്ത്രിയോടോ, ക്യാബിനറ്റിനോടോ ചോദിക്കുകയുണ്ടായില്ല. ബഹുമാനപ്പെട്ട നിയമസഭയുടെ മുൻപാകെ ക്യാബിനറ്റ് ഈ ഭേദഗതി കൊണ്ടുവന്നു. ആ ഭേദഗതി ഇവിടെ കൊണ്ടുവന്നു സബ്ജക്ട് കമ്മിറ്റിക്കു വിട്ടു, സബ്ജക്ട് കമ്മിറ്റി വീണ്ടും നിയമസഭയ്ക്കു മുൻപാകെ കൊണ്ടുവന്നു, നിയമസഭ അത് ചർച്ച ചെയ്തു, നിയമസഭ ക്ലോസ്സ് ബൈ ക്ലോസ്സായി ചർച്ച ചെയ്തു, ഒന്നാം വായനയും, രണ്ടാം വായനയും, മൂന്നാം വായനയും, മൂന്നാം വായനയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു തന്നെ വളരെ പോസിറ്റീവായി ഇടപെട്ട് മൂന്നാം വായനയിൽ ഈ ബിൽ ഭേദഗതി പൂർണ്ണമായും പ്രതിപക്ഷം അംഗീകരിക്കുന്നുവെന്നും അതിൽ ചട്ടം കൊണ്ടുവരുമ്പോൾ ഭേദഗതികൾ വേണമെന്നും നിർദ്ദേശിച്ചു. അതിന്റെയടിസ്ഥാനത്തിൽ ഏകകണ്ഠമായി ഈ ബിൽ ആധികാരികമായി ബഹുമാനപ്പെട്ട ഗവർണർക്ക് അയ്ക്കുകയുണ്ടായി. അനുഛേദം 200 പ്രകാരം 4 കാര്യങ്ങൾ ഒരു ബിൽ അയച്ചാൽ ചെയ്യാം. ഒന്നുകിൽ അദ്ദേഹത്തിന് ഒപ്പിടാം, രാഷ്ട്രപതിക്ക് അയ്ക്കാം, ഹോൾഡ് ചെയ്യാം, അതല്ലെങ്കിൽ കേരളത്തിലെ നിയമസഭയ്ക്ക് തിരിച്ചു തരാം. ഹോൾഡ് ചെയ്യാനുള്ള കാലാവധി തെലുങ്കാന Vs ഗവർണർ എന്ന കേസ്സിൽ പറഞ്ഞിട്ടുണ്ട് as early

as possible, കേരളത്തിന്റെ കേസ്സിൽ പറഞ്ഞിട്ടുണ്ട്, എന്നാൽ അത് ചെയ്തിട്ടില്ലെന്നു മാത്രമല്ല, കേരളത്തിന്റെ നിയമസഭയ്ക്ക് തിരിച്ചു തന്നാൽ നിയമസഭയ്ക്ക് അത് തള്ളാനോ കൊള്ളാനോയുള്ള അവകാശത്തോടുകൂടി ചട്ടം 200 ന്റെ പ്രൊവിസോ പറയുന്നതുപോലെ ബഹുമാനപ്പെട്ട ഗവർണർക്ക് തിരിച്ചയച്ചാൽ ഒപ്പിടണമെന്നുള്ളത് മാൻഡേറ്ററിയാണ്. നിയമസഭ അംഗീകരിച്ചു കഴിഞ്ഞാൽ ഗവൺമെന്റിന് അക്കാര്യത്തിൽ ഒരു ഉത്തരവാദിത്വവുമില്ല, നിയമസഭയുടെ പ്രോപ്പർട്ടിയാണത്. നിയമസഭയുടെ പ്രോപ്പർട്ടിയായൊരു കാര്യത്തിൽ ഗവർണർക്ക് ഗവൺമെന്റിനോട് വിശദീകരിക്കാൻ, ചോദിക്കാൻ യാതൊരു പ്രൊവിഷനുമില്ലെങ്കിലും സർക്കാരിനോട് ഗവർണർ ചോദിച്ചാൽ ഒരു അക്കാഡമിക് സ്പിരിറ്റിൽ അതിനു മറുപടി പറയാൻ ഞങ്ങൾ തയ്യാറാണ്. ആ കാര്യത്തിലും ഗവർണർ ചോദിച്ചില്ല, ഗവർണറുടെ മുൻപാകെ വന്ന മൂന്ന് പെറ്റീഷനുകൾ പരിശോധിക്കാൻ പറഞ്ഞ് താഴേക്ക് അയച്ചു, അത് ഉദ്യോഗസ്ഥർ പരിശോധിച്ച് അങ്ങോട്ടും അയച്ചു. അതുകൊണ്ട് കേരളത്തിലെ നിയമസഭ, ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള പ്രതിപക്ഷത്തിനോടും പറയുകയാണ്, നമ്മൾ ഒരുമിച്ച് തീരുമാനിച്ച

പ്രശ്നമാണിത്. രണ്ട് ഹർത്താൽ തന്നെ ഈ കാലയളവിൽ യു.ഡി.എഫ്. ഇടുക്കിയിൽ നടത്തുകയുണ്ടായി. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷം ഉൾപ്പെടെ സഭ ഒന്നായി ഗവർണർ ഈ കാര്യത്തിൽ ഒപ്പിടാത്ത നടപടി ഒരു തരത്തിലും ഭരണഘടനയ്ക്ക് അനുസൃതമായ കാര്യമല്ല. ഈ കാര്യത്തിൽ ഗവൺമെന്റിന് ഇനി ഒന്നും ചെയ്യാനില്ല, നിയമസഭ ബിൽ ഗവർണറുടെ മുൻപാകെ സമർപ്പിച്ചു കഴിഞ്ഞു. ബില്ലുകളിൽ ഗവർണർ ഒപ്പിടണമെന്നാവശ്യപ്പെട്ടു കൊണ്ട് ബഹു. സുപ്രീംകോടതിയെ സമീപിക്കാനുള്ള നടപടികൾ കൂടി ഭരണഘടനാ പ്രകാരം കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇതാണ് യാഥാർത്ഥ്യം. സർക്കാരിന്റെ ഭാഗത്ത് ഇക്കാര്യത്തിൽ യാതൊരു വീഴ്ചയുമില്ല. ബില്ല് ഒപ്പിട്ട് നിയമമായി പാസ്സാക്കിയാൽ ഏറ്റവും പെട്ടെന്ന് ചട്ടമുണ്ടാക്കാനുള്ള തയ്യാറെടുപ്പിലാണ് ഗവൺമെന്റ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എം.എൽ.എ.-മാർ ചോദ്യങ്ങൾ ചോദിക്കുമ്പോൾ അങ്ങ് നിയന്ത്രിക്കുന്നുണ്ട്, മന്ത്രിമാരുടെ ഉത്തരങ്ങളും നിയന്ത്രിക്കേണ്ടി വരുമെന്നാണ് എനിക്ക് തോന്നുന്നത്. കാരണം ചോദ്യോത്തര സമയം ഒരു മണിക്കൂറെയുള്ളൂ. എല്ലാ അംഗങ്ങൾക്കും

ചോദിക്കാനുള്ള അവസരം കൂടി നൽകണം. എന്റെ ചോദ്യം, തീരപ്രദേശങ്ങളിൽ പ്രത്യേകിച്ച് ആലപ്പുഴ ജില്ലയിൽ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം ലഭിക്കാത്തതുമൂലം വളരെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ബഹു. ഹൈക്കോടതിയും, ബഹു. സുപ്രീംകോടതിയിലും പോയിട്ട് അവർക്ക് കൈവശ രേഖ നൽകാനുള്ള ഉത്തരവായിട്ടുണ്ട്, പക്ഷെ പട്ടയം കിട്ടുന്നില്ല. പട്ടയം കിട്ടാത്തതുകൊണ്ട് വീടു പണിയാൻ കഴിയുന്നില്ല, മറ്റ് ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്നില്ല, തീരദേശങ്ങളുടെ പ്രത്യേകിച്ച് എന്റെ നിയോജകമണ്ഡലമായ ആറാട്ടുപുഴ പഞ്ചായത്തടക്കമുള്ള ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകളിൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഈ പട്ടയപ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, മത്സ്യത്തൊഴിലാളികളുടെ പട്ടയ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക പരിപാടി തന്നെ തയ്യാറാക്കിയിട്ടുണ്ട്, നേരത്തെ ബഹുമാനപ്പെട്ട അംഗത്തിനോട് പറഞ്ഞതുപോലെ 11 (ii)(v) പ്രകാരമുള്ള പ്രതിസന്ധികളാണ് ചട്ടപ്രകാരം പട്ടയം കൊടുക്കാനുള്ള തടസ്സമായി വരുന്നത്. അതിനെ മറികടക്കാൻ കഴിയുന്ന വിധത്തിൽ ചട്ടത്തിൽ ഭേദഗതി

വരുത്താനോ അതുമായി ബന്ധപ്പെട്ട് മറ്റ് ആവശ്യങ്ങളുണ്ടെങ്കിൽ അത് പട്ടയം ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി കൊടുക്കാനും സർക്കാർ സന്നദ്ധമാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിനെ അറിയിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, വളരെ മാതൃകാപരമായാണ് റവന്യൂ വകുപ്പും, റവന്യൂ മന്ത്രിയും പട്ടയ വിതരണത്തിൽ ജനങ്ങളുടെ പ്രതീക്ഷ സഫലമാക്കി മുന്നോട്ട് പോകുന്നത്. വളരെ ഗൗരവമുള്ള ഒരു വിഷയം കണ്ണൂർ ജില്ലയിൽ ഏതാണ്ട് അയ്യായിരത്തോളം അപേക്ഷകൾ ദേവസ്വം ഭൂമിയിലെ പട്ടയവുമായി ബന്ധപ്പെട്ടുകൊണ്ട് തീർപ്പാക്കാൻ ഇനിയും നിൽക്കുന്നുണ്ട്. ദേവസ്വം ഭൂമികളിൽ പട്ടയം ലഭിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നതാണ് ചോദ്യം.

ശ്രീ. കെ. രാജൻ: സർ, ദേവസ്വം ഭൂമിയിൽ പട്ടയം കൊടുക്കാൻ യാതൊരു തർക്കവുമില്ല. ജയപ്രകാശിന്റെ ഒരു കേസ്സുമായി ബന്ധപ്പെട്ട് ചില തെറ്റായ ധാരണകൾ കണ്ണൂർ ജില്ലയിലെ ഉദ്യോഗസ്ഥർക്കുണ്ടായിരുന്നു. ആ കാര്യം പരിഹരിച്ചിട്ടുണ്ട്, ആന്യൂറ്റി കൊടുത്തിട്ടുള്ള ഭൂമികളിൽ ദേവസ്വത്തിന്റെ മുൻപാകെ ഹിയറിംഗിന് വേണ്ടി അയയ്ക്കുമ്പോൾ ആവശ്യമായ സമയം അവർക്ക് കൊടുക്കണമെന്നു മാത്രമേ കോടതി

പറഞ്ഞിട്ടുള്ളൂ. ആ കാര്യത്തിൽ പ്രത്യേകമായ പ്രതിസന്ധിയൊന്നുമില്ല, എങ്കിലും കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ ദേവസ്വം പട്ടയങ്ങൾ കെട്ടിക്കിടക്കുന്നത് ആ കാര്യത്തിൽ പ്രത്യേകമായ പരിശോധന നടത്താവുന്നതാണ്.

## കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കുവാൻ നടപടി

(*94)ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും ഫലമായി നിരന്തരമായുണ്ടാകുന്ന റോഡ് തകർച്ചയും തന്മൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത് പരിഹരിക്കുവാൻ മെച്ചപ്പെട്ട റോഡ് നിർമ്മാണരീതികൾ കണ്ടെത്തുവാൻ ഗവേഷണങ്ങൾ നടത്തുമോ; വ്യക്തമാക്കുമോ;

(സി) റോഡുനിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ രാസപരമായ സ്വഭാവം പരിശോധനാ വിധേയമാക്കി, ഭാവിയിൽ കൂടുതൽ ഉറപ്പുള്ള റോഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ വസ്തുക്കളുടെ മിശ്രിതം കണ്ടെത്തുന്നതിന് കെ.എച്ച്.ആർ.ഐ.-യുടെ ഗവേഷണ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കെ.എച്ച്.ആർ.ഐ.-യുടെ കണ്ടെത്തലുകൾ കൂടുതൽ തുടർഗവേഷണങ്ങൾക്കും പ്രായോഗിക പഠനത്തിനും വിധേയമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായും പതിവായിട്ടുണ്ടാകുന്ന തീവ്രമായ മഴമൂലവും കേരളത്തിലെ വിവിധ റോഡുകൾ തകരുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുന്നതിനും അതിനുള്ള പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണങ്ങൾ നടന്നുവരുന്നു. കാലാവസ്ഥാ വ്യതിയാനങ്ങളുടെ ദോഷവശങ്ങൾ ഒഴിവാക്കിക്കൊണ്ട് ഈട് നിൽക്കുന്ന

രീതിയിലുള്ള റോഡുകൾ നിർമ്മിക്കുന്നതിൽ പൊതുമരാമത്ത് വകുപ്പ് ശ്രദ്ധ ചെലുത്തുന്നുണ്ട്.

(ബി) കാലാവസ്ഥയ്ക്ക് അനുയോജ്യമായ റോഡ് രൂപകൽപന അത്യന്താപേക്ഷിതമാണ്. ഇതിനായി KHRI ഗവേഷണങ്ങൾ നടത്തുന്നുണ്ട്. താപനില വ്യതിയാനമനുസരിച്ച് രൂപകൽപന ചെയുന്ന 'സുപ്പീരിയർ പെർഫോമിംഗ് അസ്ഫാൽറ്റ് റോഡുകൾ'-സൂപ്പർപേവ് പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള പഠനങ്ങൾ കെ.എച്ച്.ആർ.ഐ.-യിൽ പുരോഗമിക്കുന്നു. ഇതിനായി റോഡിലെ താപനിലയെ അടിസ്ഥാനമാക്കി രൂപപ്പെടുത്തുന്ന പ്രത്യേക ബിറ്റുമെൻ (പെർഫോമൻസ് ഗ്രേഡ്) ഉപയോഗിക്കുന്നു. ഹോട്ട് മിക്സ് അസ്ഫാൽറ്റിന്റെ ഈർപ്പ സംവേദനക്ഷമതയെക്കുറിച്ചുള്ള ഗവേഷണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയായി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളെയാണ് ഗവേഷണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പരിഗണിച്ചത്. മറ്റ് ജില്ലകളെ പരിഗണിച്ച് പദ്ധതിയുടെ രണ്ടാം ഘട്ടം പുരോഗമിക്കുകയാണ്.

(സി) റോഡുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ രാസപരമായ സ്വഭാവം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

ഹോട്ട് മിക്സ് അസ്ഫാൽറ്റിന്റെ ഈർപ്പ സംവേദനക്ഷമതയെക്കുറിച്ചുള്ള പഠനം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്നുണ്ട്. പ്രസ്തുത ഗവേഷണ പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടത്തിൽ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലായി സ്ഥിതി ചെയ്യുന്ന ആറ് ക്വാറികളിൽ നിന്ന് " അഗ്രിഗേറ്റ്" സാമ്പിളുകൾ ശേഖരിക്കുകയും കേരള സർവകലാശാലയിലെ ജിയോളജി വകുപ്പുമായി ചേർന്ന് വിശദമായ പെട്രോളജിക് വിശകലനം നടത്തുകയും ചെയ്തു. പെട്രോഗ്രാഫിക് അനാലിസിസ്, എക്സ്റേ ഫ്ലൂറസൻസ് എന്നീ പരിശോധനകളിലൂടെ പാറയിലെ മൂലകങ്ങളുടെ സ്വഭാവം കണ്ടെത്തിയശേഷം വെള്ളത്തിന്റെ സാന്നിധ്യത്തിൽ ബിറ്റുമിനസ് മിശ്രിതവും മെറ്റലുമായുള്ള കൂടിച്ചേരലിന്റെ ശക്തി ടെൻസൈൽ സ്ട്രെങ്ത് റേഷ്യോ (ടി.എസ്.ആർ) ഉപയോഗിച്ച് പരിശോധിച്ചു. കേരളത്തിൽ റോഡ് നിർമാണത്തിനുപയോഗിക്കുന്ന പശ്ചിമ ഘട്ടത്തിലെ പാറകളിൽ പൊതുവേ കൂടിയ അളവിൽ സിലിക്ക അടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തി. ഇതാണ് മെറ്റലിന്റെ അമ്ലസ്വഭാവത്തിന് കാരണം. റിസർച്ച് പ്രോജക്ടിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കിയതിനുശേഷം, 2023 നവംബർ 17-ന് കെ.എച്ച്.ആർ.ഐ.-യിൽ വച്ച് കേരളത്തിലെ

വിവിധ ജില്ലകളിലെ പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ശിൽപ്പശാല നടത്തി. നിശ്ചിത അളവിൽ ചുണ്ണാമ്പ് പൊടി (Hydrated Lime), സിമന്റ് തുടങ്ങിയവ നിർമ്മാണവേളയിൽ ബിറ്റുമിനസ് മിശ്രിതത്തിലേക്ക് ചേർത്ത് ഉപയോഗിച്ചാൽ മെറ്റലിന്റെ അമ്ല സ്വഭാവം കുറയ്ക്കാൻ കഴിയുമെന്നാണ് പഠനം ശിപാർശ ചെയ്യുന്നത്. പൊതുമരാമത്ത് വകുപ്പും മറ്റും നടത്തുന്ന നിർമാണങ്ങൾക്ക് മുന്നോടിയായി ടി.എസ്.ആർ. പരിശോധന ഏർപ്പെടുത്തണമെന്നും നിർദേശിച്ചിട്ടുണ്ട്.

(ഡി) ഹോട്ട് മിക്സ് അസ്ഫാൽറ്റിന്റെ ഈർപ്പ സംവേദനക്ഷമതയെകുറിച്ചുള്ള ഗവേഷണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയായി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളെയാണ് ഗവേഷണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പരിഗണിച്ചത്. മറ്റ് ജില്ലകളെ പരിഗണിച്ച് പദ്ധതിയുടെ രണ്ടാം ഘട്ടം പുരോഗമിക്കുകയാണ്. കേരളം കാലാവസ്ഥാ തീവ്രതയെ അഭിമുഖീകരിക്കുന്നതിനാൽ, കാലാവസ്ഥക്ക് അനുയോജ്യമായ റോഡ് രൂപകൽപന കാലഘട്ടത്തിന്റെ ആവശ്യമാണ്. താപനില വ്യതിയാനമനുസരിച്ച് ഡിസൈൻ ചെയ്യുന്ന " സുപ്പീരിയർ പെർഫോമിംഗ് അസ്ഫാൽറ്റ് റോഡുകൾ" -സൂപ്പർപേവ്

പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള പഠനങ്ങൾ കെ.എച്ച്.ആർ.ഐ.-യിൽ പുരോഗമിക്കുന്നു. ഇതിനായി റോഡിലെ താപനിലയെ അടിസ്ഥാനമാക്കി രൂപപ്പെടുത്തുന്ന പ്രത്യേക ബിറ്റുമെൻ (പെർഫോമൻസ് ഗ്രേഡ്) ഉപയോഗിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിന്റെ കാലാവസ്ഥയനുസരിച്ച് ആറ് മാസം മഴക്കാലമാണ്. മഴക്കാലത്ത് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നിലയ്ക്കുന്ന മട്ടാണ്. അത് സമയബന്ധിതമായി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് തടസ്സമായി വരികയാണ്. അത് ഒഴിവാക്കാൻ വേണ്ടി മഴക്കാലത്തും റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ഉതകുന്നതരത്തിലുള്ള സാങ്കേതിക വിദ്യയുണ്ടോ; ഉണ്ടെങ്കിൽ അത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: നിലവിൽ അതിന് പ്രയാസമാണ്, അതിന്റെ പരിശോധനകൾ നടത്തി വരുന്നുണ്ട്. ഇതിൽ ചെയ്യാൻ പറ്റുന്നൊരു കാര്യം ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ എ.എസ്., ഡി.എസ്., അതുപോലുള്ള മറ്റുകാര്യങ്ങൾ ചെയ്യുകയും പ്രവൃത്തി പരമാവധി

മറ്റുസമയങ്ങളിൽ നടത്താനും, ഒരു വർക്കിംഗ് കലണ്ടർ രൂപം കൊടുത്തു. അത് നല്ല നിലയിൽ മുന്നോട്ട് പോകുന്നുണ്ട്, മറ്റ് സാദ്ധ്യതകൾ പൊതുവേ പരിശോധിക്കുന്നുണ്ട്. ഞാൻ മേശപ്പുറത്തു വച്ച മറുപടിയിൽ വളരെ വിശദമായി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)